2024 DECEMBER
24
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## നിമിഷങ്ങൾക്കുള്ളിൽ വിതരണം, മത്സരവുമായി ഇകൊമേഴ്സ് കമ്പനികൾ

**മുംബൈ:** ഓർഡർ ചെയ്താൽ 15 മിനിറ്റിനുള്ളിൽ നിത്യോപയോഗ സാധനങ്ങൾ വീട്ടിലെത്തിക്കുമെന്നാണ് ആമസോണിന്റെ വാഗ്ദാനം. ഈ മാസം അവസാനത്തോടെ ആദ്യഘട്ടമായി ബെംഗളുരുവിൽ പദ്ധതിക്ക് തുടക്കമാകും. അതേസമയം, 10 മിനുട്ടിനുള്ളിൽ പലചരക്ക് സാധനങ്ങൾ മുതൽ ഇലക്ട്രോണിക് ഉത്പന്നങ്ങൾ വരെ വിതരണം ചെയ്യുമെന്നാണ് സൊമാറ്റോയുടെ ബ്ലിങ്കിറ്റും സോഫ്റ്റ്ബാങ്കിന്റെ പിന്തുണയുള്ള സ്വിഗ്ഗി ഇൻസ്റ്റാമാർട്ടും വാഗ്ദാനം ചെയ്തിട്ടുള്ളത്. മുകേഷ് അംബാനിയുടെ റിലയൻസും 1030 മിനുട്ടിനുള്ളിൽ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് മുംബൈയിൽ തുടക്കമിട്ടിട്ടുണ്ട്.

മാറുന്ന ഉപഭോക്തൃ രീതികൾ കണക്കിലെടുത്ത് അതിവേഗ വിതരണ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് കമ്പനികൾ. ഇതിനായി രാജ്യമൊട്ടാകെ വെയർഹൗസുകൾ സ്ഥാപിക്കാനാണ് ആമസോൺ ഉൾപ്പടെയുള്ള കമ്പനികൾ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.



ഇന്ത്യയിലെ 91 ശതമാനം ഓൺലൈൻ ഉപഭോക്താക്കളും ക്വിക് കൊമേഴ്സിനെക്കുറിച്ച് ബോധവാന്മാരാണെന്ന് മെറ്റ പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. ഇവരിൽതന്നെ പകുതിയലിധകവും സേവനം പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. സ്വിഗ്ഗി ഇൻസ്റ്റമാർട്ട് ഉൾപ്പടെയുള്ള കമ്പനികൾ നിരവധി നഗരങ്ങളിൽ ഇതിനകം സാന്നിധ്യം ശക്തമാക്കിക്കഴിഞ്ഞു. ഓർഡർ ചെയ്താൽ മിനുട്ടുകൾക്കുള്ളിൽ വീടുകളിലെത്തിക്കാനുള്ള സംവിധാനം ഇവർക്കുണ്ട്.

ആമസോൺ ഫ്രഷ് എന്നപേരിൽ രണ്ട് മണിക്കൂറിനുള്ളിൽ പലചരക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആമസോണിന് നിലവിൽ സംവിധാനമുണ്ട്. അതിവേഗ വിതരണ സംവിധാനം കൂടി തുടങ്ങിയാൽ സ്വിഗ്ഗി, സെപ്റ്റോ, ബ്ലിങ്കിറ്റ് എന്നിവയ്ക്ക് കനത്ത വെല്ലുവിളിയാകും. വലിയ ഉപഭോക്തൃ അടിത്തറയും വിതരണ മേഖലയിലെ മികവും ആമസോണ് നേട്ടമാകും. നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ പോലും അതിവേഗം വിതരണം ചെയ്യുന്നതിനാണ് ഇകൊമേഴ്സ് കമ്പനികൾ തയ്യാറെടുക്കുന്നത്.

2023ലെ 32 ശതമാനത്തെ അപേക്ഷിച്ച് 2024ൽ ഉപഭോക്തൃ ഇലക്ട്രോണിക്സ് വില്പനയുടെ 34ശതമാനവും ഓൺലൈൻ സംവിധാനം വഴിയായിരുന്നു. അതായത് ഒരു വർഷത്തിനുള്ളിൽ 11,000 കോടി രൂപയുടെ വില്പനയാണ് റീട്ടെയിൽ സ്റ്റോറുകളിൽനിന്ന് ഓൺലൈനിലേയ്ക്ക് മാറിയത്. സ്മാർട്ഫോൺ, ലാപ്ടോപ്, ടിവി, എയർകണ്ടീഷണർ, ഫ്രിജ് എന്നിവ ഉൾപ്പടെയുള്ളവയുടെ ഓൺലൈൻ വില്പന 2024ൽ രണ്ട് ലക്ഷം കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.



## പെട്രോളിനും ഡീസലിനും 5 രൂപ വരെ ഡിസ്കൗണ്ടുമായി സ്വകാര്യ പമ്പുകൾ

**മുംബൈ:** സ്വകാര്യ എണ്ണവിതരണ കമ്പനികൾ പെട്രോളിനും ഡീസലിനും ലീറ്ററിന് 5 രൂപവരെ ഡിസ്കൗണ്ട് ഓഫർ ലഭ്യമാക്കി തുടങ്ങിയതോടെ വെട്ടിലായി പൊതുമേഖലാ എണ്ണവിതരണക്കമ്പനികൾ. രാജ്യത്ത് പലയിടത്തും സ്വകാര്യ കമ്പനികളുടെ ഓഫർമൂലം പൊതുമേഖലാ എണ്ണക്കമ്പനികളുടെ പെട്രോൾ പമ്പുകളുടെ വിപണി വിഹിതം ഇടിഞ്ഞുവെന്ന് പമ്പുടമകൾ പറഞ്ഞു. പൊതുമേഖലാ എണ്ണക്കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (ഐഒസി), ഭാരത് പെട്രോളിയം (ബിപിസിഎൽ), ഹിന്ദുസ്ഥാൻ പെട്രോളിയം (എച്ച്പിസിഎൽ) എന്നിവയും ലീറ്ററിന് 5 രൂപവരെ അടിയന്തരമായി കുറയ്ക്കണമെന്ന സമ്മർദവുമായി പമ്പുടമകൾ രംഗത്തെത്തിയിട്ടുണ്ട്.സ്വകാര്യ കമ്പനികളായ റിലയൻസ്ബിപി, നയാര എന്നിവയാണ് പെട്രോളിനും ഡീസലിനും ലീറ്ററിന് 3, 5 രൂപ ഡിസ്കൗണ്ട് ഓഫർ പ്രഖ്യാപിച്ചത്. 'ഹാപ്പി അവേഴ്സ് ഡിസ്കൗണ്ട്' എന്ന പേരിൽ ഇവ ഡിസ്കൗണ്ട് ഓഫർ ആരംഭിച്ചതോടെ, രാജ്യത്ത് പലയിടത്തും വിപണിവിഹിതത്തിൽ 50% വരെ നഷ്ടമായെന്നു പൊതുമേഖലാ കമ്പനികളുടെ പെട്രോളിയം ഡീലർമാർമാർ വ്യക്തമാക്കി.

## അഞ്ചിലും എട്ടിലും ഓൾ പാസ് വേണ്ട, സ്കൂൾ വിദ്യാഭ്യാസ നയത്തിൽ സുപ്രധാന ഭേദഗതി

**ന്യൂഡൽഹി:** രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ നയത്തിൽ സുപ്രധാന ഭേദഗതിയുമായി കേന്ദ്ര സർക്കാർ. രാജ്യത്തെ മുഴുവൻ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ ഔപചാരിക വിദ്യാഭ്യാസം നൽകുന്നത് സംബന്ധിച്ച 2010ലെ നിയമത്തിലാണു ഭേദഗതി വരുത്തിയത്. ഇതോടെ, അഞ്ച്, എട്ട് ക്ലാസുകളിലെ വിദ്യാർഥികൾ 'ഓൾ പാസ്' സമ്പ്രദായത്തിൽ നിന്നു പുറത്താകും. ഈ ക്ലാസുകളിലെ കുട്ടികൾ വാർഷിക പരീക്ഷയിൽ പരാജയപ്പെട്ടാൽ രണ്ടു മാസത്തിനിടെ ഒരു അവസരം കൂടി നൽകും. അതിലും പരാജയപ്പെട്ടാൽ ഒരു വർഷം കൂടി അതേ ക്ലാസിൽ തുടരേണ്ടിവരും.

അതേസമയം, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരെ ഒരു വിദ്യാർഥിയെയും സ്കൂളിൽ നിന്നു പുറത്താക്കാനാവില്ലെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. ഒന്നു മുതൽ 8 വരെ ക്ലാസുകളിൽ ഒരു വിദ്യാർഥിയെയും തോൽപ്പിക്കാനോ സ്കൂളിൽ നിന്നു പുറത്താക്കാനോ പാടില്ലെന്നാണ് നിലവിൽ പിന്തുടരുന്ന നോഡിറ്റൻഷൻ നയം. ഈ നിയമമാണു ഭേദഗതി ചെയ്തത്. പുതിയ രീതി കുട്ടികളുടെ പഠനഫലം മെച്ചപ്പെടുത്താൻ ഭേദഗതി സഹായിക്കുമെന്ന കണക്കുകൂട്ടലിലാണു കേന്ദ്രം. കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ, സൈനിക സ്കൂളുകൾ എന്നിവയടക്കം കേന്ദ്രസർക്കാരിന് കീഴിലുള്ള മൂവായിരത്തിലധികം സ്കൂളുകൾക്ക് ഭേദഗതി ബാധകമാകും.

സ്കൂൾ വിദ്യാഭ്യാസം സംസ്ഥാന വിഷയമായതിനാൽ ഭേദഗതി നടപ്പാക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ സംസ്ഥാനങ്ങൾക്കു വിവേചനാധികാരമുണ്ട്. 16 സംസ്ഥാനങ്ങളും ഡൽഹി ഉൾപ്പെടെ രണ്ടു കേന്ദ്ര ഭരണ പ്രദേശങ്ങളും നോ ഡിറ്റൻഷൻ നയം നേരത്തേ അവസാനിപ്പിച്ചിരുന്നു. മറ്റു സംസ്ഥാനങ്ങൾ നോ ഡിറ്റൻഷൻ നയവുമായി മുന്നോട്ടുപോകുകയാണ്. നോ ഡിറ്റൻഷൻ നയം നിർത്തുന്നത് വിദ്യാർഥികളുടെ സമ്മർദം വർധിപ്പിക്കുമെന്നും നിരന്തര മൂല്യനിർണയം മെച്ചപ്പെടുത്തുകയാണു പഠിതാക്കളുടെ അറിവ് മെച്ചപ്പെടുത്താൻ വേണ്ടതെന്നുമാണ് കേരളത്തിൻറെ നിലപാട്. പുതിയ ഭേദഗതി കേരളം സ്വീകരിക്കുമോ എന്നു വ്യക്തമല്ല. ഒരേ ക്ലാസിൽ തുടർപഠനം വേണ്ടിവരുമ്പോൾ കുട്ടിയുടെ പഠനശേഷിയിലെ പ്രശ്നങ്ങൾ ക്ലാസ് ടീച്ചർക്കും മാതാപിതാക്കൾക്കും മനസിലാക്കാനാകുമെന്നും അധിക ശ്രദ്ധ നൽകി ഇതു പരിഹരിക്കാൻ വഴിയൊരുങ്ങുമെന്നും കേന്ദ്രം വിജ്ഞാപനത്തിൽ പറഞ്ഞു.



## റാക്കാട് സെൻറ് മേരീസ് കത്തീഡ്രൽ നേർച്ചപ്പള്ളിയിൽ യൽദോ മോർ ബസേലിയോസ് ബാവായുടെ തിരുശേഷിപ്പ് സ്ഥാപിക്കുന്നു

**മൂവാറ്റുപുഴ :** റാക്കാട് സെൻറ് മേരീസ് ജേക്കബൈറ്റ് സിറിയൻ കത്തീഡ്രൽ നേർച്ചപ്പള്ളിയിൽ പരിശുദ്ധ യൽദോ മോർ ബസേലിയോസ് ബാവായുടെ തിരുശേഷിപ്പ് സ്ഥാപനം 2024 ഡിസംബർ 25 (ബുധൻ) വൈകിട്ട് 5 മണിക്ക് അഭിവന്ദ്യ ഡോ. മാത്യൂസ് മോർ അന്തിമോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ. കോതമംഗലം മർത്തോമൻ ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ യൽദോ മോർ ബസേലിയോസ് ബാവയുടെ തിരുശേഷിപ്പ് സ്ഥാപിക്കുന്നു. പരിശുദ്ധ യൽദോ മോർ ബസേലിയോസ് ബാവയും തിരുസംഘവും മലങ്കരയിലേക്ക് എഴുന്നള്ളിയപ്പോൾ വി. ദൈവമാതാവിൻറെ നാമത്തിൽ ഒരു പള്ളി പണിയിപ്പിച്ചുകൊള്ളാമെന്നു നേർച്ച നേരുകയും അപ്രകാരം ഹിദായത്തുള്ള മോർ ഇവാനിയോസ് ബാവയാൽ ആയതിൻറെ പൂർത്തീകരണമായി സ്ഥാപിച്ചതാണ് റാക്കാട് പള്ളി. ഈ നേർച്ചപ്പള്ളിയിൽ മൂവാറ്റുപുഴ,അങ്കമാലി മേഖലകളുടെ മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മോർ അന്തിമോസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ തിരുശേഷിപ്പ് സ്ഥാപിക്കുന്നു. 25ന് വൈകിട്ട് 3ന് വാഹന ഘോഷയാത്ര പുത്തൻകുരിശ് പാത്രിയർക്കാ സെൻററിലേക്ക്, 4.00ന് തിരുശേഷിപ്പുമായി തിരികെ പള്ളിയിലേക്ക്, 5.30ന് സന്ധ്യാപ്രാർത്ഥന, തിരുശേഷിപ്പു സ്ഥാപനം , 6.30ന് വി. കുർബ്ബാന, പ്രസംഗം, 8.00ന് തിരുശേഷിപ്പു വണങ്ങൽ, 8.30ന് നേർച്ചസദ്യ.



## സുശീല ത്രിവിക്രമ ഭട്ട് സ്മരണാർത്ഥ പുരസ്കാരങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** കൊങ്കണി കേന്ദ്ര് ഗോശ്രീപുർ സംഘടനയും കൊങ്കണി ഭാഷാ പ്രചാരസഭയും സുശീല ത്രിവിക്രമ ഭട്ട് കുടുംബവും കൊങ്കണി ഭാഷാ ഭവനിൽ സുശീല ത്രിവിക്രമ ഭട്ട് സ്മരണാർത്ഥ പുരസ്കാര വിതരണ ചടങ്ങ് സംഘടിപ്പിച്ചു. ഗോശ്രീപുരം ഹരികുമാർ, എസ്. രാമകൃഷ്ണ കിണി, വസന്തകുമാരി പി.എസ്., ജയ ബാലകൃഷ്ണ കമ്മത്ത്, നാരായണ നായ്ക്ക്, ധന്യ ജി. മല്ല്യ, അനിത ഡി. കിണി, സുരേഷ് വി. ഷേണായി, ആർ. രാമാനന്ദ പ്രഭു, അണ്ടിക്കടവ് സുരേഷ് പൈ, ഗോവിന്ദ് എസ്. നായക്, സുധീഷ് എസ്. ഷേണായി, ആർ.രാജേന്ദ്ര ഭട്ട്, കെ.എൻ.ആർ. ഭട്ട്, വിജയകുമാർ എൻ. പൈ, ആർ.എസ്.ഭാസ്കർ, എൻ. ബാലകൃഷ്ണ മല്ല്യ, എൻ. സദാനന്ദ് കമ്മത്ത് എന്നീ 18ഓളം കവികൾ സമ്മേളനത്തിൽ പങ്കെടുത്ത് കവിതകൾ അവതരിപ്പിച്ചു. ഡോ. പ്രതിമ ആഷർ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

സംഗീതജ്ഞനും കാനറ റോബെക്കോ, മംഗലപുരം ഏരിയാ റീജിയണൽ ഹെഡ്ഡുമായ മുരളീധർ ജി. ഷേണായി മുഖ്യാതിഥിയും കൊങ്കണി ഭാഷാ പ്രചാരസഭയുടെ പ്രസിഡന്റും റിട്ടയേർഡ് ജഡ്ജുമായ എസ്. മനോഹർ കിണി അധ്യക്ഷനും ആയിരുന്നു.

തുടർന്ന് അവാർഡ് വിതരണം നടന്നു. വിലാസിനി നാരായണ നായ്ക്കിന് സാഹിത്യകൃതി പുരസ്കാരവും എൽ. കൃഷ്ണ ഭട്ടിന് സേവാ പുരസ്കാരവും കെ.എൻ.ആർ. ഭട്ടിന് കഥാരചന പുരസ്കാരവും എസ്. രാമകൃഷ്ണ കിണിക്ക് കവിതാ രചന പുരസ്കാരവും ശ്രീ. ആർ. സദാനന്ദനും ശ്രീമതി. മായ പി. എസിനും പ്രത്യേക സേവാ പുരസ്കാരവും നൽകി ആദരിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

**ആലപ്പുഴ:** വയലാർ ഗവ. ഐടിഐയിൽ റഫ്രിജറേഷൻ എയർ കണ്ടീഷനിംഗ് ടെക്നിഷ്യൻ ട്രേഡിൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ട ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒരു ഒഴിവ് ഉണ്ട്. എംആർഎസി ട്രേഡിൽ എൻടിസി/എൻഎസി/മെക്കാനിക്കൽ ഡിപ്ലോമ/മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദവും ബന്ധപ്പെട്ട പ്രവൃത്തിപരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 30 ന് രാവിലെ 11 മണിക്ക് ഓഫീസിൽ ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0478 2813035, 9447244548.



യാക്കോബായ സുറിയാനി സഭയുടെ 35ാമത് അഖില മലങ്കര സുവിശേഷ യോ ഗത്തിന് തുടക്കം കുറിച്ച് മലങ്കര മെത്രാപ്പോലിത്ത ഡോ. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രോപ്പോലിത്ത കൊടിയേറ്റുന്നു

# അഖില മലങ്കര സുവിശേഷ മഹായോഗം ഡിസം. 26 മുതൽ

**കോലഞ്ചേരി:** യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ആഭിമുഖ്യത്തിലുള്ള 35ാമത് അഖില മലങ്കര സുവിശേഷ യോഗം ഡിസംബർ 26 മുതൽ 31 വരെ പുത്തൻകുരിശ് പാത്രിയാർക്കാ സെന്റർ മൈതാനിയിൽ നടക്കും. എല്ലാ ദിവസവും വൈകിട്ട് 5.30 ന് സന്ധ്യാപ്രാർത്ഥനയോടെ സുവിശേഷ മഹായോഗം ആരംഭിക്കും. സുവിശേഷ മഹായോഗത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി സുവിശേഷ സംഘം പ്രസിഡന്റ് ഡോ. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത പത്രസമ്മേളനത്തിൽ അറിയിച്ചു. അഖില മലങ്കര സുവിശേഷ മഹായോഗത്തിന് തുടക്കം കുറിച്ച ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായെ അനുസ്മരിച്ചു യോഗം നടക്കും. 27ാം തീയതി മുതൽ 31 വരെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെയും ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 5 വരെയും നടക്കുന്ന പകൽ യോഗങ്ങളിൽ സൺഡേ സ്കൂൾ അധ്യാപക വിദ്യാർഥിരക്ഷാകർത്തൃ സംഗമം, അഖില മലങ്കര മർത്തമറിയം വനിതാ സമാജം സംഗമം, സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ സംഗമം, വിശുദ്ധ മദ്ബഹാ ശുശ്രൂഷകരുടെയും ജെ.എസ്.സി മിഷന്റെയും ഏലിയാസ് നാമധാരികളുടെയും സംയുക്ത സംഗമം, പൗരസ്ത്യ സുവിശേഷ സമാജം സംഗമം എന്നിവയും ധ്യാനങ്ങളും പ്രസംഗങ്ങളും നടക്കും. 26ന് വൈകിട്ട് 6.30ന് സിറോ മലബാർ സഭാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യും. മലങ്കര മെത്രാപ്പോലീത്തയും കാതോലിക്കോസ് അസിസ്റ്റന്റുമായ ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. തുടർന്ന് വൈദിക സെമിനാരി റെസിഡന്റ് മെത്രാപ്പോലീത്ത ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത മുഖ്യ സന്ദേശം നൽകും. 27ന് കോതമംഗലം മേഖലാധിപൻ ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത ആമുഖ സന്ദേശവും ഫാ. ഡേവീസ് ചിറമ്മേൽ മുഖ്യ സന്ദേശവും നൽകും. 28ന് കോട്ടയം ഭദ്രാസനാധിപനും എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത ആമുഖ സന്ദേശവും ഇടുക്കി ഭദ്രാസനാധിപനും തൂത്തൂട്ടി മോർ ഗ്രീഗോറിയൻ ധ്യാനകേന്ദ്രം ഡയറക്ടറുമായ സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത മുഖ്യ സന്ദേശം നൽകും. 29ന് മുംബൈ ഭദ്രാസനാധിപൻ തോമസ് മോർ അലക്സന്ത്രയോസ് മെത്രാപ്പോലീത്ത ആമുഖ സന്ദേശവും ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ മുഖ്യ സന്ദേശവും നൽകും. 30ന് പെരുമ്പാവൂർ മേഖലാധിപൻ മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലീത്ത ആമുഖ സന്ദേശവും ഫാ. എം.സി. സാമുവേൽ മുഖ്യ വചന ശുശ്രൂഷ നിർവ്വഹിക്കും. സമാപന ദിവസമായ 31ന് കണ്ടനാട് ഭദ്രാസനാധിപൻ മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത ആമുഖ സന്ദേശവും പൗലോസ് പാറേക്കര കോർ എപ്പിസ്കോപ്പ മുഖ്യ സന്ദേശവും നൽകും. മൂവാറ്റുപുഴ മേഖലാധിപൻ ഡോ. മാത്യൂസ് മോർ അന്തിമോസ് മെത്രാപ്പോലീത്ത സമാപന സന്ദേശം നൽകും. ഗബ്രിയേൽ റമ്പാൻ പുതുവത്സര സന്ദേശം നൽകും. തുടർന്ന് പുതുവത്സരത്തോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാന നടക്കും. 'ന്യായം വെള്ളം പോലെയും, നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞ് ഒഴുകുന്നു' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. സഭയുടെ ഔദ്യോഗിക സംഗീത വിഭാഗമായ 'കേനോറൊ' യുടെ നേതൃത്വത്തിലുള്ള 101 അംഗ ഗായക സംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സുവിശേഷ മഹായോഗം നടക്കുന്ന പുത്തൻകുരിശ് ഫെസ്റ്റിവൽ ഏരിയ ആയി സർക്കാർ പ്രഖ്യാപിച്ചതായും സംഘം ഭാരവാഹികൾ അറിയിച്ചു.

സുവിശേഷ സംഘം സെക്രട്ടറി മോൻസി വാവച്ചൻ, ട്രഷറർ തോമസ് കണ്ണടിയിൽ, പി.എം. സാബു പട്ടശേരിൽ, ഏലിയാസ് കോനാംപുറത്ത് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## ന്യൂനപക്ഷ വികസന കോർപ്പറേഷൻ വഴി ക്ഷീരമേഖലയിൽ വായ്പ നൽകും: മന്ത്രി

**മലപ്പുറം:** ന്യൂനപക്ഷ വികസന ഫിനാൻസ് കോർപ്പറേഷൻ വഴി ക്ഷീര മേഖലയിൽ പുതു സംരഭങ്ങൾ തുടങ്ങാനും കന്നുകാലികളെ വാങ്ങുന്നതിനും വായ്പകൾ അനുവദിക്കുമെന്ന് ന്യൂനപക്ഷ ക്ഷേമ കായിക വകുപ്പുമന്ത്രി വി.അബ്ദുറഹിമാൻ. മൂർക്കനാട് ആരംഭിക്കുന്ന മിൽമ മിൽക്ക് പൗഡർ ഫാക്ടറിയുടേയും മലപ്പുറം ഡയറിയുടേയും ഉദ്ഘാടനത്തിന് മുന്നോടിയായുള്ള അഗ്രി ഡയറി ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മിൽമ മിൽക്ക് പൗഡർ ഫാക്ടറി കേരളത്തിന് അഭിമാനവും രാജ്യത്തിന് മുതൽക്കൂട്ടുമാണ്. കേരളത്തിലെ സഹകരണ മേഖലയുടെ വളർച്ചയുടെ പടവുകളാണ് ഇതിലൂടെ വ്യക്തമാകുന്നതെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ മഞ്ഞളാംകുഴി അലി എംഎൽഎ അധ്യക്ഷത വഹിച്ചു. നാടൻ പശുക്കളുടെ പ്രദർശനത്തിന്റേയും ഭക്ഷ്യമേളയുടേയും ഉദ്ഘാടനം മിൽമ മലബാർ മേഖലാ യൂണിയൻ ചെയർമാൻ മണി വിശ്വനാഥ് നിർവ്വഹിച്ചു. കലാസന്ധ്യയുടെ ഉദ്ഘാടനം മിൽമ ചെയർമാൻ കെ.എസ് മണി നിർവ്വഹിച്ചു. മിൽമ ഭരണ സമിതി അംഗങ്ങളായ പി. ശ്രീനിവാസൻ, നാരായണൻ പി.പി, മലബാർ മിൽമ ഭരണ സമിതി അംഗങ്ങളായ അനിത കെ.കെ, സനോജ് .എസ്, ചെന്താമര.കെ, ബാലചന്ദ്രൻ വി.വി, ഉസ്മാൻ ടി.പി, ഗിരീഷ് കുമാർ പി.ടി, സുധാകരൻ.കെ, സ്വാഗത സംഘം വൈസ് ചെയർമാൻമാരായ രാജഗോപാൽ.കെ, സലീന ടീച്ചർ, എന്നിവർ സംസാരിച്ചു.




# മനുഷ്യ വന്യജീവി സംഘർഷങ്ങളുടെ അടിസ്ഥാനം പ്രകൃതിയോടുള്ള സമീപനമാറ്റം

**വൈത്തിരി:** പ്രകൃതിയുടെയും ആവാസ വ്യവസ്ഥയുടെയും നിലനിൽപ്പിനുതന്നെ ദോഷകരമാകുന്ന ഇടപെടലുകളാണ് ജനവാസ മേഖലയിലെ മനുഷ്യ വന്യജീവി സംഘർഷങ്ങളുടെ അടിസ്ഥാനമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ. പൂക്കോട് വെറ്ററിനറി കോളേജിൽ നടക്കുന്ന അന്താരാഷ്ട്ര ലൈവ്സ്റ്റോക് കോൺക്ലേവിന്റെ നാലാം ദിനം സംഘടിപ്പിച്ച 'മനുഷ്യ വന്യജീവി സംഘർഷം; പൊതുജന കാഴ്ചപാടുകൾ' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 'വന്യജീവി സംഘർഷങ്ങൾ അധികമുള്ള നാടാണ് നമ്മുടെ ജില്ല. കൃഷി നാശങ്ങൾക്ക് പുറമെ ആൾ നാശവും വന്യജീവികളുടെ ആക്രമണം മൂലം ഉണ്ടാകാറുണ്ട്. വയനാട് ജില്ലയുടെ സ്വാഭാവികമായ ജൈവീകത വലിയതോതിൽ നഷ്ടമാകുന്ന കാര്യം പൊതുചർച്ചയാകണം. മഞ്ഞക്കൊന്ന പോലുള്ള അധിനിവേശ സസ്യങ്ങൾ കാടിന്റെ സ്വാഭാവികതയെ തകർക്കുന്നു. ഇത് തടയണം. വന്യജീവികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടണം. മാറി വരുന്ന സർക്കാരുകളുടെ കർമ്മ പദ്ധതികൾക്കും അപ്പുറത്തേക്ക് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമായാണ് ഈ വിഷയത്തെ നമ്മൾ കാണേണ്ടത്. എങ്കിൽ മാത്രമേ, മനുഷ്യ മേഖലയിലുള്ള വന്യജീവി സംഘർഷങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളു.' അദ്ദേഹം പറഞ്ഞു.

സെമിനാറിൽ, ജില്ലയിലെ മനുഷ്യ വന്യജീവി സംഘർഷങ്ങളുടെ കഴിഞ്ഞ 30 വർഷത്തെ പ്രവണതകൾ, മനുഷ്യ വന്യജീവി സംഘർഷം; നിലവിലെ സാഹചര്യങ്ങൾ, സംഘർഷ ലഘൂകരണത്തിനായുള്ള മാർഗങ്ങൾ, പൊതുജന പങ്കാളിത്തത്തിന്റെ ആവശ്യകത എന്നീ വിഷയങ്ങളിൽ സൗത്ത് ഡിഎഫ്ഒ അജിത്ത് കെ രാമൻ, ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ഡോ. അരുൺ സക്കറിയ, കേരള കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം ഷാജി, ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ (റിട്ട.) ഡോ. ഇ കെ ഈശ്വരൻ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ജില്ലാ പഞ്ചായത്തംഗങ്ങൾ, വിദ്യാർത്ഥികൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർ സെമിനാറിൽ പങ്കെടുത്തു. കന്നുകാലി, മൃഗ സംരക്ഷണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള അന്താരാഷ്ട്ര ലൈവ്സ്റ്റോക്ക് കോൺക്ലേവ് ഈ മാസം 29ന് സമാപിക്കും.

# ഫാം കർഷകർക്ക് ആശ്വാസമായി; ഫാം ലൈസൻസ് ചട്ടങ്ങളിൽ ഇളവ്

**ആലപ്പുഴ:** പഞ്ചായത്ത് രാജ് നിയമത്തിലെ ഫാം ലൈസൻസ് ചട്ടങ്ങളിൽ ഇളവ് വരുത്തി ഉത്തരവ് ഇറക്കിയതോടെ ഫാം കർഷകർക്ക് ആശ്വാസമായി. 2012ലെ കേരള പഞ്ചായത്ത് രാജ് അനുസരിച്ചാണ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നത്.

അഞ്ചു പശുക്കൾ, അഞ്ചു പന്നികൾ, ഇരുപത് ആടുകൾ, ഇരുപത്തിയഞ്ച് മുയലുകൾ, നൂറ് കോഴികൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ വീട്ടുമുറ്റത്ത് വളർത്തണമെങ്കിൽ ലൈസൻസ് വേണം. സംരംഭകർ, കർഷകസമൂഹം, മേഖലയിലെ വിദഗ്ധർ ചൂണ്ടിക്കാണിച്ച നിർദേശങ്ങൾ പരിഗണിച്ച് 2012ലെ ചട്ടങ്ങളിലെ നിർവചനം പൂർണമായും റദ്ദാക്കിയാണ് 2024ലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടം ഭേദഗതി ചെയ്തത്.

മുതിർന്ന 10 കന്നുകാലികൾ, 50 ആടുകൾ, മുയലുകൾ, ടർക്കികൾ, 500 കോഴികൾ, 1000 കാടകൾ, 15 ഉരുക്കൾ, രണ്ട് വരെ ഒട്ടകപ്പക്ഷികൾ എന്നിവയെ പരിപാലിക്കുന്ന ഫാമുകൾക്ക് ലൈസൻസ് വേണ്ട. 1998ലെ ലൈസൻസ് ചട്ടം അനുസരിച്ച് വീടുകളിൽ ഒരു പന്നിയെ വളർത്തിയാലും ലൈസൻസ് വേണം. പുതിയ നിയമത്തിൽ അഞ്ച് പന്നികളെ വളർത്താൻ ലൈസൻസ് ആവശ്യമില്ല.

പഞ്ചായത്തുകൾ ലൈസൻസ് നൽകിയിരുന്നത് മൃഗങ്ങളുടെ പ്രായം പരിഗണിക്കാതെയാണ്. എണ്ണം കണക്കാക്കിയിരുന്നു. ഇപ്പോൾ മുതിർന്ന മൃഗങ്ങളുമായി ബന്ധപ്പെട്ട നിർദേശവും ഉൾപ്പെടുത്തി. 18മാസത്തിന് മുകളിൽ പ്രായമുള്ള പശുക്കൾ, എരുമകൾ, ഒരു വയസിന് മുകളിലുള്ള ആടുകൾ, ആറുമാസത്തിന് മുകളിലുള്ള പന്നികൾ, മുയലുകൾ തുടങ്ങിയവയെ മുതിർന്നവയായി പരിഗണിക്കും. മുട്ടക്കോഴി, ഇറച്ചി താറാവ് എന്നിവയുടെ കാര്യത്തിലും വ്യക്തത വരുത്തിയിട്ടുണ്ട്.

അടിസ്ഥാന സംവിധാനങ്ങളും മൃഗങ്ങളുടെ എണ്ണവും അടിസ്ഥാനമാക്കി ആറ് ക്ലാസുകളായി തിരിച്ചാണ് ലൈസൻസ് ഫീ ഈടാക്കുക. ഓരോ ക്ലാസിലും മൃഗങ്ങളുടെ എണ്ണവും ഉയർത്തി. 11മുതൽ 20 വരെ പശുക്കളുള്ള ഫാമുകൾ ക്ലാസ് ഒന്നിലും 50 വരെയുള്ളവ ക്ലാസ് രണ്ടിലും 100വരെ ക്ലാസ് നാലിലും ഉൾപ്പെടുന്നു. ക്ലാസ് ഒന്നിലെ ഫാമിന് ഒരു വർഷത്തെ ലൈസൻസ് ഫീസ് 100 രൂപയും ക്ലാസ് 2, 3,4,5,6 എന്നിവയ്ക്ക് യഥാക്രമം 250, 300, 500, 1000,2000 എന്നിങ്ങനെയുമാണ്.

ഫാം നടത്താനുള്ള ഭൂമിയുടെ കുറഞ്ഞ വിസ്തൃതിയിലും മാറ്റമുണ്ട്. മൂന്ന് പശുക്കൾ, പത്ത് ആടുകൾ, രണ്ട് പന്നികൾ, 20 മുയലുകൾ, 250 കോഴികൾ, 1000 കാടകൾ എന്നിവ വളർത്താൻ നിയമപരമായി ഒരു സെന്ററിൽ കുറഞ്ഞ സ്ഥലം മതി. മുമ്പ്15 കോഴികളെ വളർത്താൻ ഒരു സെന്റ് സ്ഥലം വേണം. ഫാമുകളിലെ മാലിന്യനിർമാർജനത്തിലും ഇളവുകളുണ്ട്. ഫാമിനോട് ചേർന്ന് മാലിന്യ സംസ്കരണത്തിന് മേൽക്കൂരയുള്ള വളക്കുഴിയും മലിനജലം ശേഖരിക്കാൻ ദ്രവമാലിന്യ ശേഖരണ ടാങ്കും കമ്പോസ്റ്റ് കുഴിയും ഒരുക്കണം.

ലൈസൻസ് ലഭിക്കുന്നതിന് നടപടികൾ ലളിതമാക്കി. അപേക്ഷ ഫോറം ഒന്നിൽ ആവശ്യമായ വിവരങ്ങൾ കെട്ടിടത്തിന്റെ രൂപരേഖ, സ്ഥലത്തിന്റെ സ്കെച്ച് ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്ക് നൽകണം. അപേക്ഷയിൽ രണ്ടാഴ്ചയ്ക്കകം പഞ്ചായത്ത് സെക്രട്ടറി തീരുമാനമെടുക്കും.

നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഫോറം രണ്ടിൽ ലൈസൻസ് നൽകും. വ്യവസ്ഥകൾ പാലിച്ചിട്ടില്ലെങ്കിൽ അപേക്ഷ നിരസിക്കാം. ലൈസൻസിന്റെ കാലാവധി പരമാവധി 5 വർഷം വരെ നേടാനാകുമെന്ന പ്രത്യേകതയുമുണ്ട്. മുമ്പ് എല്ലാ സാമ്പത്തികവർഷവും പുതുക്കണമെന്നായിരുന്നു. ലൈസൻസ് നിബന്ധനകൾ പാലിക്കാതെ ഫാം നടത്തിയാൽ ലൈസൻസ് റദ്ദാക്കാനും പതിനഞ്ച് ദിവസത്തിനകം ഫാം അടച്ചു പൂട്ടാൻ ഉത്തരവിടാനും സെക്രട്ടറിക്ക്അധികാരമുണ്ട്.

# പാലക്കാട് സംഭവം: സന്ദീപ് വാര്യർ രാഷ്ട്രീയം കളിക്കുന്നു: വി.എച്ച്.പി

**കൊച്ചി:** പാലക്കാട് നല്ലേപ്പള്ളി ഗവ.യു.പി സ്കൂളിൽ നടന്ന ക്രിസ്മസ് കരോളുമായി ബന്ധപ്പെട്ട വിഷയത്തിൽ സന്ദീപ് വാര്യർ രാഷ്ട്രീയം കളിക്കുകയാണെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി. ആർ രാജശേഖരൻ എന്നിവർ വാർത്താക്കുറിപ്പിൽ പറഞ്ഞു. ക്രിസ്മസുമായി ബന്ധപ്പെട്ട ആഘോഷത്തിന്റെ ഭാഗമായി

ഒരേ വേഷത്തിൽ പാട്ടും നൃത്തവുമായി കുട്ടികളെ ഘോഷയാത്രയായി സ്കൂളിനു പുറത്തേയ്ക്ക് കൊണ്ടുവന്നപ്പോൾ വി.എച്ച്.പി കൊല്ലംങ്കോട് ജില്ലാ ജോയിന്റ് സെക്രട്ടറി അനിൽകുമാറും, ബജ്റംഗ്ദൾ ജില്ലാ സംയോജക് സുശാസനനും, ഖണ്ഡ് പ്രസിഡന്റ് വേലായുധനും അവിടെത്തി ഗവൺമെന്റ് സ്കൂളുകളിൽ ഇത്തരത്തിൽ മതപരമായ ചടങ്ങ് സംഘടിപ്പിക്കാൻ സർക്കാർ അനുവാദം തന്നിട്ടുണ്ടോയെന്നും ശ്രീകൃഷ്ണജയന്തിയും നബിദിന പരിപാടിയും നിങ്ങൾ ഇത്തരത്തിൽ സംഘടിപ്പിക്കുമോയെന്നും ചോദിച്ചപ്പോൾ തങ്ങൾ ഇഷ്ടമുള്ളതുപോലെ ചെയ്യുമെന്നും ഇത് ചോദിക്കാൻ നിങ്ങളാരാണ് എന്നാണ് സ്കൂളിലെ അധ്യാപകർ നൽകിയ മറുപടി. തുടർന്ന് നേതാക്കൾ സ്കൂളിലെ പ്രഥമ അധ്യാപികയോട് ഇതേക്കുറിച്ച് പറഞ്ഞപ്പോൾ അവർ തെറ്റു സമ്മതിക്കുകയും പ്രശ്നം അവിടെ അവസാനിക്കുകയും ചെയ്തതാണ്. എന്നാൽ പിന്നീട് വൈകുന്നേരത്തോടെ സിപിഎം പ്രാദേശിക നേതാക്കളും അധ്യാപക സംഘടനയും ചേർന്ന് ഇവർക്കെതിരെ പോലിസിൽ പരാതികൊടുപ്പിക്കുകയായിരുന്നു. പോലിസിനെ നേതാക്കൾ കാര്യങ്ങൾ ധരിപ്പിച്ചെങ്കിലും അറസ്റ്റു ചെയ്ത് അവരെ റിമാൻഡ് ചെയ്തു. സംഭവത്തിന്റെ സത്യാവസ്ഥ ഇതായിരിക്കെ അടുത്തിടെ ബിജെപി വിട്ട് കോൺഗ്രസിലേക്ക് ചേക്കേറിയ സന്ദീപ് വാര്യർ തെറ്റിദ്ധാരണ പരത്തുന്ന വിധത്തിൽ പ്രസ്താവനകൾ നടത്തി കലക്കവെള്ളത്തിൽ മീൻ പിടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്നും വിഎച്ച്പി നേതാക്കൾ പറഞ്ഞു. വിശ്വഹിന്ദു പരിഷത്ത് ഒരു മതത്തിനും എതിരല്ല. അടിസ്ഥാന രഹിതമായ ആരോപണങ്ങളാണ് സന്ദീപ് വാര്യർ ഉന്നയിക്കുന്നത്. കേസിനെ നിയമപരമായി തന്നെ നേരിടുമെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി.



# ചാവറ ക്രിസ്തുമസ് കരോൾ മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** ദൈവത്തിന് ഈ ലോകത്തോടുള്ള സ്നേഹത്തിന്റെ തെളിവാണ് യേശുക്രിസ്തു വിനെ ഭൂമിയിലേക്കയച്ചതെന്ന് സിനിമാനടൻ സിജോയ് വർഗ്ഗീസ് അഭിപ്രായപ്പെട്ടു . ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച പത്താമത് ക്രിസ്തുമസ് കരോൾ മത്സരത്തിന്റെ ഗ്രാൻഡ് ഫിനാലെയിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു സിജോയ് വർഗ്ഗീസ്. "സി.എം.ഐ. സഭ വിദ്യാഭ്യാസ മാധ്യമ വിഭാഗം ജനറൽ കൗൺസിലറും ചാവറ കൾച്ചറൽ സെന്റർ ചെയർമാനുമായ റവ.ഡോ. മാർട്ടിൻ മള്ളാത്ത് അധ്യക്ഷത വഹിച്ചു. സംഗീത സംവിധായകരായ ബേണി പി.ജെ., അശോകൻ അർജുനൻ, ജോർജ് നിർമൽ, ജോൺസൺ മങ്ങഴ , ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ എന്നിവർ പ്രസംഗിച്ചു. വിജയികൾക്ക് സിജോയ് വർഗ്ഗീസും ഫാ. മാർട്ടിൻ മള്ളാത്തും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു. മസ്റ്റാർഡ് സീഡ്സ് തോപ്പുംപടി ഒന്നാം സ്ഥാനവും 20,000 രൂപയും മെമന്റോയും, ഇൻഫന്റ് ജീസസ് ചർച്ച് രണ്ടാം സമ്മാനവും പതിനയ്യായിരം രൂപയും മെമന്റോയും, ഔവർ ലേഡി ഓഫ് പെർപ്പ ച്ചൽ ഹെൽപ്പ് ചർച്ച് ഓച്ചംതുരുത്ത് മൂന്നാം സ്ഥാനവും പതിനായിരം രൂപയും മെമന്റോയും അർഹരായി. കൂടാതെ 7 ടീമുകൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകി.

# ജോബ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** വിജ്ഞാന ആലപ്പുഴയുടെ ഭാഗമായി വെളിയനാട് ബ്ലോക്കിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ജോബ് സ്റ്റേഷന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപെഴ്സൺ എം.വി. പ്രിയ നിർവ്വഹിച്ചു. ഫെബ്രുവരി ഒന്നിന് ആലപ്പുഴയിൽ നടക്കുന്ന മെഗാതൊഴിൽ മേളയിൽ 10000 തൊഴിൽ അന്വേഷകരെയാണ് പങ്കാളികളാക്കുന്നത്. ജോലി വാഗ്ദാനങ്ങളുമായി നിരവധി കമ്പനികൾ എത്തിയിട്ടുണ്ടെന്നും എല്ലാവർക്കും തൊഴിൽ എന്ന സർക്കാരിന്റെ ലക്ഷ്യം സാധ്യമാക്കാൻ ജില്ലാ പഞ്ചായത്ത് സാധ്യമായ എല്ലാ ഇടപെടലും നടത്തി തൊഴിൽമേള വൻ വിജയമാക്കുമെന്ന് വെളിയനാട് ബ്ലോക്ക് പ്രസിഡന്റ് വേണുഗോപാൽ പറഞ്ഞു.

# ഡ്രിപോ ഉപയോഗിച്ചുള്ള വയർലസ് ഇൻഫ്യൂഷൻ മോണിറ്ററിംഗ് സംവിധാനം എംസിസിയിൽ

**തിരുവനന്തപുരം:** മലബാർ കാൻസർ സെന്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് & റിസർച്ചിൽ രോഗികൾക്ക് നൽകുന്ന മരുന്നുകളുടെ രക്തത്തിലേക്കുള്ള സഞ്ചാര നിരക്ക് കൃത്യമായി ക്രമീകരിക്കാനും നിരീക്ഷിക്കാനുമുള്ള പുതിയ സംവിധാനം സജ്ജമായി. മലബാർ കാൻസർ സെന്റർ കെഡിസ്‌കുമായി സഹകരിച്ചാണ് ഡ്രിപോ സംവിധാനം ഉപയോഗപ്പെടുത്തി വയർലസ് ഇൻഫ്യൂഷൻ മോണിറ്ററിംഗ് എന്ന പദ്ധതി നടപ്പിലാക്കിയത്. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം കെ ഡിസ്‌കിന്റെ ഇന്നോവേഷൻ ഫോർ ഗവൺമെന്റ് (ഐ4ഏ) എന്ന സംരംഭത്തിലൂടെ പൈലറ്റ് പ്രോജക്ടായി എംസിസിയിൽ ആരംഭിച്ച പദ്ധതി വിജയകരമായതിനെ തുടർന്നാണ് നടപ്പാക്കുന്നത്. ഡിസംബർ 26ന് എംസിസിയിൽ മുഖ്യമന്ത്രി നിർവഹിക്കുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിൽ ഡ്രിപോ ഉപയോഗിച്ചുള്ള വയർലസ് ഇൻഫ്യൂഷൻ മോണിറ്ററിംഗ് സംവിധാനം എംസിസിയ്ക്ക് കൈമാറും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

ആരോഗ്യ മേഖലയിൽ നൂതനങ്ങളായ ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് എംസിസിയിൽ ഡ്രിപോ സംവിധാനം നടപ്പിലാക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആർസിസിയിലും എംസിസിയിലും റോബോട്ടിക് സർജറി ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ കൊണ്ടുവന്നു. രക്തം ശേഖരിക്കുന്നത് മുതൽ ഒരാൾക്ക് നൽകുന്നത് വരെ നിരീക്ഷിക്കാൻ കഴിയുന്ന അത്യാധുനിക ബ്ലഡ് ബാഗ് ട്രേസബിലിറ്റി സംവിധാനം ബ്ലഡ് ബാങ്കുകളിൽ നടപ്പിലാക്കി വരുന്നു. രാജ്യത്ത് ആദ്യമായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചലനശേഷി നഷ്ടപ്പെട്ടവർക്ക് സഹായകരമായി എ.ഐ. സാങ്കേതികവിദ്യയോടെ ജി ഗൈറ്റർ സ്ഥാപിച്ചു. ഇതിന് പിന്നാലെയാണ് പുതിയ സംവിധാനം എംസിസിയിൽ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.



കേരളത്തിലെ സ്റ്റാർട്ടപ്പ് പദ്ധതിയിലൂടെ വികസിപ്പിച്ച പോർട്ടബിൾ കണക്റ്റഡ് ഇൻഫ്യൂഷൻ മോണിറ്ററാണ് ഡ്രിപോ സംവിധാനം. ഡ്രിപ്പ് വഴി മരുന്ന് നൽകുമ്പോൾ കൃത്യമായ അളവിലുള്ള മരുന്നുതുള്ളികൾ രക്തത്തിലേക്ക് നൽകേണ്ടതുണ്ട്. കാൻസർ പോലെയുള്ള രോഗങ്ങൾക്കുള്ള മരുന്ന് തുള്ളികളുടെ അളവ് വളരെ പ്രധാനമാണ്. ഡ്രിപോ സംവിധാനം മുഖേന രോഗികളുടെ രക്തത്തിലെ മരുന്നുകളുടെ സഞ്ചാര നിരക്ക് കൃത്യമായി ക്രമീകരിക്കാനും, നിരീക്ഷിക്കാനും സഹായിക്കുന്നു. ഇതുവഴി രോഗിയുടെ ശരീരത്തിൽ മരുന്ന് വിതരണം ശരിയായ അളവിൽ നടത്തുകയും സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. ഈ ഉപകരണം നഴ്‌സിംഗ് സ്റ്റേഷനുകളിലെ സെൻട്രൽ സോഫ്റ്റ് വെയറിലേക്ക് തത്സമയ വിവരങ്ങൾ കൈമാറുന്നു. അതുവഴി മരുന്നുകളുടെ രക്തത്തിലേക്കുള്ള സഞ്ചാരത്തിന്റെ നിരക്ക് മാറ്റങ്ങൾക്കും ഇൻഫ്യൂഷൻ പൂർത്തീകരണങ്ങൾക്കുമുള്ള മുന്നറിയിപ്പുകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഈ സോഫ്റ്റ് വെയർ മരുന്നുകളുടെ രക്തത്തിലേക്കുള്ള സഞ്ചാരത്തിന്റെ സമഗ്രമായ രൂപരേഖയും രോഗിയുടെ ആരോഗ്യ ചരിത്രവും പ്രദർശിപ്പിക്കും.

കൃത്യമായ പഠനങ്ങൾക്കും വിശകലനങ്ങൾക്കും ശേഷമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി എംസിസിയിലെ നിർദ്ദിഷ്ട വാർഡുകളിൽ ഡ്രിപോയുടെ 20 യൂണിറ്റുകളും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്വെയറും സ്ഥാപിക്കുകയുണ്ടായി. എംസിസിയിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സിടിആർഐയിൽ രജിസ്റ്റർ ചെയ്ത ഒരു ക്ലിനിക്കൽ പഠനം നടത്തുകയും, ഡ്രിപോ സംവിധാനത്തിന്റെ കാര്യക്ഷമത സാധാരണ ഗ്രാവിറ്റി രീതിയുമായി താരതമ്യം ചെയ്ത് വിലയിരുത്തുകയും ചെയ്തു. രക്തത്തിലേക്കുള്ള മരുന്നുകളുടെ സഞ്ചാര നിരക്ക് കൂടുതൽ കൃത്യമായി സജ്ജീകരിക്കാനും, അനായാസം നിരീക്ഷിക്കാനും നഴ്‌സിങ് ജീവനക്കാരെ ഡ്രിപോ സഹായിച്ചതായി പഠനഫലം എടുത്തു കാണിക്കുന്നു. ഇത് 65 ശതമാനം വരെ ചികിത്സാ പ്രാധാന്യമുള്ള മരുന്നുകളുടെ സഞ്ചാര പിശകുകൾ കുറക്കുകയും, അതുവഴി രോഗിയ്ക്ക് നല്ല ചികിത്സാ ഫലം ഉറപ്പു വരുത്തുകയും, നഴ്‌സുമാരുടെ ജോലി ഭാരം കുറക്കുകയും ചെയ്യുന്നു.

## ചെടികൾ സമ്മാനമായി കൈമാറി സഹൃദയ ക്രിസ്തുമസ് ആഘോഷം

**കൊച്ചി :** കരുതലിന്റേയും ഐശ്വര്യത്തിന്റേയും പ്രതീകമായി പരസ്പരം ചെടികൾ കൈമാറി എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ സ്ഥാപനങ്ങളുടെ ക്രിസ്തുമസ് ആഘോഷം വേറിട്ടതായി. സഹൃദയ വജ്രജൂബിലി വർഷത്തോടനുബന്ധിച്ച് നെറ്റ് സീറോ കാർബൺ വില്ലേജസ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഭിന്ന ശേഷിക്കാരുടെ സംരംഭമായി ആരംഭിച്ച നഴ്സറിയിൽ നിന്നുള്ള ചെടികൾ കൈമാറിയത്. പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഹാളിൽ സംഘടിപ്പിച്ചക്രിസ്തുമസ് സംഗമത്തിൽ ഫാ.വർഗീസ് പൊട്ടയ്ക്കൽ മുഖ്യാതിഥിയായിരുന്നു. കരുതലിന്റേയും പങ്കുവയ്ക്കലിന്റേയും ആഘോഷമാണ് ക്രിസ്തുമസ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അധ്യക്ഷനായിരുന്നു. അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര, ചീഫ് കൺസൾട്ടന്റ് തോമസ് കടവൻ, അസി. ജനറൽ മാനേജർ സുനിൽ സെബാസ്റ്റ്യൻ, റിയ റോസിലിൻ എന്നിവർ സംസാരിച്ചു.

## വാട്ടർ മെട്രോ യാത്ര വിമാന യാത്ര പോലെ കേന്ദ്ര മന്ത്രി

**കൊച്ചി:** വിമാനത്തിലേതു പോലുള്ള യാത്രാനുഭവമാണ് കൊച്ചി വാട്ടർ മെട്രോയിലേതെന്ന് കേന്ദ്ര ഊർജ, ഭവന, നഗരവികസന വകുപ്പ് മന്ത്രി മനോഹർ ലാൽ ഖട്ടർ. ഇത് വാട്ടർ മെട്രോയല്ല, വാട്ടർ പ്ലെയിനാണ്. അദ്ദേഹം പറഞ്ഞു. 35 ലക്ഷം പേർ ഇതേവരെ വാട്ടർ മെട്രോയിൽ യാത്ര ചെയ്തെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം നഗര ഗതാഗതത്തിൽ മെട്രോയ്ക്ക് വളരെ വലിയ പങ്കാണ് വഹിക്കാനുള്ളതെന്നും വാട്ടർ മെട്രോ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള സാധ്യത പരിശോധിക്കുമെന്നും വ്യക്തമാക്കി. വാട്ടർ മെട്രോയിൽ യാത്ര നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലക്ഷദ്വീപിൽ നിന്ന് കൊച്ചി വിമാനത്താവളത്തിലെത്തിയ അദ്ദേഹം റോഡ് മാർഗം വാട്ടർ മെട്രോ ഹൈക്കോടതി ജെട്ടിയിൽ എത്തി അവിടെ നിന്നാണ് യാത്ര ആരംഭിച്ചത്. വൈപ്പിൻ വരെയുള്ള കായൽ ദൃശ്യങ്ങളും വാട്ടർ മെട്രോയുടെ സവിശേഷതകളും ആസ്വദിച്ച അദ്ദേഹം ഒരു മണിക്കൂറോളം ബോട്ടിൽ ചില വഴിച്ചു. പ്രൈവറ്റ് സെക്രട്ടറി വിജയ് ദത്ത, ഊർജവകുപ്പ് ജോയിന്റ് സെക്രട്ടറി ശശാങ്ക് മിശ്ര, നഗര വികസന വകുപ്പ് ജോയിന്റ് സെക്രട്ടറി, രവി അറോറ, ഉന്നത ഉദ്യോഗസ്ഥരായ ദീപക ശർമ, രാം ലാൽ തുടങ്ങിയവരും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ വാട്ടർ മെട്രോയുടെ സവിശേഷതകൾ കേന്ദ്ര മന്ത്രിക്ക് വിശദീകരിച്ചു. കെ.എ സ്.ഇ. സി എം ഡി ബിജു പ്രഭാകർ, കൊച്ചി മെട്രോ ഡയറക്ടർ സിസ്റ്റംസ് സഞ്ജയ് കുമാർ, വാട്ടർ മെട്രോ ചീഫ് ജനറൽ മാനേജർ ഷാജി ജനാർദനൻ, ജനറൽ മാനേജർ സാജൻ പി ജോൺ ടങ്ങിയവരും വാട്ടർ മെട്രോയുടെ ഇതേവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു. കൊച്ചി മെട്രോയുടെ ഉപഹാരങ്ങളും മന്ത്രിക്ക് നൽകി.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) അറ്റ്‌മോസ്‌ഫെറിക് സയൻസസ് വകുപ്പിൽ റിസർച്ച് അസോസിയേറ്റ്ക തസ്തികയിലേക്ക് വാക്ക്ഇൻ ഇൻറർവ്യൂ നടത്തുന്നു. അഭിമുഖം ഡിസംബർ 27 രാവിലെ 10:30ന് കുസാറ്റിലെ ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്‌മോസ്‌ഫെറിക് സയൻസസ്, സ്കൂൾ ഓഫ് മറൈൻ സയൻസസ് ക്യാമ്പസിൽ (ഫോർഷോർ റോഡ്, ഫൈൻ ആർട്സ് അവന്യൂ, കൊച്ചി682016.)

വെച്ച് നടക്കും. ഇന്ത്യയുടെ ബഹിരാകാശ വകുപ്പിന്റെ ധനസഹായത്തോടെ നടത്തുന്ന പ്രോജക്റ്റിൻറെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന റിസർച്ച് അസോസിയേറ്റ്ക തസ്തികയിലേക്ക് അറ്റ്‌മോസ്‌ഫെറിക് സയൻസസിൽ ഡോക്ടറേറ്റ് അല്ലെങ്കിൽ സമാനമായ ബിരുദം/ അറ്റ്‌മോസ്‌ഫെറിക് സയൻസസിൽ എം.ടെക് അല്ലെങ്കിൽ സമാനമായ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. കുറഞ്ഞത് 3 വർഷത്തെ ഗവേഷണ, അധ്യാപന, അല്ലെങ്കിൽ ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് പ്രവൃത്തിപരിചയം, കൂടാതെ സയൻസ് സൈറ്റേഷൻ ഇൻഡക്സ് ജേർണലിൽ ഒരു ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചിരിച്ചവർ, അറ്റ്‌മോസ്ഫിയർ ബന്ധപ്പെട്ട മേഖലകളിൽ റിമോട്ട് സെൻസിംഗ് അനുഭവപരിചയവും പ്രസിദ്ധീകരണങ്ങളും ഉള്ളവർ എന്നിവരായിരിക്കണം അപേക്ഷകർ

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റയും, യോഗ്യതയും അനുഭവപരിചയവും തെളിയിക്കുന്നതിനുള്ള രേഖകളുടെ ഒറിജിനലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, പരീക്ഷകളുടെ മാർക്ക് ഷീറ്റ് കോപ്പികളും സഹിതം അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400810099 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കുസാറ്റ്: ഐപിആർ സ്റ്റഡീസിൽ അസിസ്റ്റൻറ് പ്രൊഫസർമാരുടെ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐപിആർ സ്റ്റഡീസിൽ അക്കാദമിക് ലെവൽ 10 (യുജിസി പേ മാട്രിക്സ്) പ്രകാരം 5 വർഷത്തെ ടെന്യൂർ ട്രാക്ക് അടിസ്ഥാനത്തിൽ നിയമിക്കുന്ന അസിസ്റ്റൻറ് പ്രൊഫസർമാരുടെ 5 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും സർവകലാശാല വെബ്സൈറ്റായ www.cusat.ac.in സന്ദർശിക്കുക. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി (പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം) ഡയറക്ടർ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐപിആർ സ്റ്റഡീസ് കുസാറ്റ് കൊച്ചി22 എന്ന വിലാസത്തിൽ 30.12.2024നോ അതിനുമുമ്പോ ലഭിക്കത്തക്ക വിധം അയക്കണം. 13.11.2024 ലെ അറിയിപ്പ് പ്രകാരം എൻഗേജ്മെൻറിനായി അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കെമിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിൽ പ്രോജക്ട് അസോസിയേറ്റ് തസ്തികയിലേക്ക് വാക്ക്ഇൻ ഇൻറർവ്യൂ നടത്തുന്നു. അഭിമുഖം ഡിസംബർ 27 രാവിലെ 10ന് കുസാറ്റ് മറൈൻ സയൻസ് കാമ്പസിൽ നടക്കും. ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് എർത്ത് സയൻസസ് ധനസഹായം ചെയ്യുന്ന ഡിഒഎം എംഒഇഎസ് എഎൻഡിഎച്ച്എ പ്രോജക്റ്റിൻറെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന പ്രോജക്ട് അസോസിയേറ്റ്ക (2 പോസ്റ്റുകൾ) തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ഹൈഡ്രോകെമിസ്ട്രി/മറൈൻ കെമിസ്ട്രി/മറൈൻ സയൻസസ്/അനുബന്ധ മേഖലകളിൽ മാസ്റ്റർ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. നാചറൽ പ്രോഡക്റ്റ് അനാലിസിസിൽ വൈദഗ്ധ്യം, GCMSMS, LCHRMS പോലെയുള്ള ഉപകരണങ്ങളിൽ പ്രാവീണ്യം, ഫീൽഡ് സാമ്പിളിംഗ്, ബയോകെമിക്കൽ വിശകലന കഴിവ്, ഓൺബോർഡ്/ഫീൽഡ് സാമ്പിളിംഗ് പരിചയം, ഡാറ്റാ സമാഹരണം, ഗുണനിലവാര വിശകലനം എന്നിവ നടത്താനുള്ള കഴിവ്, സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും ടീമിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും, സമുദ്ര യാത്ര ഫീൽഡ് സാമ്പിളിംഗിന് സന്നദ്ധത എന്നിവ അഭികാമ്യം. പരീക്ഷാഫലം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾ അപേക്ഷിക്കേണ്ടതില്ല.

വിശദമായ ബയോഡാറ്റയും, യോഗ്യതയും അനുഭവപരിചയവും തെളിയിക്കുന്നതിനുള്ള രേഖകൾ കെമിക്കൽ ഓഷ്യനോഗ്രഫി വകുപ്പിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ഷജുവിന് shaju@cusat.ac.in എന്ന ഇമെയിലിൽ അയക്കുക. ഡോ. ഷജു എസ് എസ്, പിഐ, ഡിഒഎം എംഒഇഎസ് എഎൻഡിഎച്ച്എ പ്രോജക്ട്, ഡിപ്പാർട്ട്മെൻറ്. ഓഫ് കെമിക്കൽ ഓഷ്യാനോഗ്രഫി, കുസാറ്റ് ഓഫ് ദി പ്രോജക്ട് എന്ന വിലാസത്തിലേക്ക് അയക്കുക. കൂടുതൽ വിവരങ്ങൾക്ക് 9895909457 എന്ന നമ്പറിൽ ബന്ധപ്പെടുക.

# മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ബോർഡിലേക്ക് നാലാം തലമുറ

**കൊച്ചി:** 137 വർഷം പ്രവർത്തന പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ ഡയറക്ടർ ബോർഡിലേക്ക് നാലാം തലമുറ കടന്നു വരുന്നതായി കമ്പനി പ്രഖ്യാപിച്ചു. മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന പുതിയ തലമുറ നിലവിലെ നേതൃനിരയോട് ഒപ്പം പ്രവർത്തിച്ച് ഗ്രൂപിൻറെ ഭാവിയിൽ ഗണ്യമായ ചുവടുവെപ്പുകൾ നടത്തും. നൈനാൻ മത്തായി മുത്തൂറ്റ് 1887ൽ സ്ഥാപിച്ചതാണ്മുത്തൂറ്റ്. പുതുതലമുറയിലെ ടീന ജോർജ്ജ് മുത്തൂറ്റ്, തോമസ് മുത്തൂറ്റ് ജോൺ, സൂസന്ന മുത്തൂറ്റ് എന്നിവർ യഥാക്രമം മുത്തൂറ്റ് കാപിറ്റൽ സർവ്വീസസ്, മുത്തൂറ്റ് മൈക്രോഫിൻ, മുത്തൂറ്റ് ഹൗസിങ് ഫിനാൻസ് തുടങ്ങിയവയുടെ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി ചുമതലയേറ്റു.

റിതു ജോർജ്ജ് മുത്തൂറ്റ്, സൂസൺ ജോൺ മുത്തൂറ്റ് എന്നിവർ മുത്തൂറ്റ് ക്യാപിറ്റൽ സർവ്വീസസിൻറെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി ചുമതലയേറ്റു.

മുത്തൂറ്റ് ഇൻറർനാഷണൽ സ്പോർട്ട്സ് സ്ക്കൂളിൻറെ ഡയറക്ടറായി ഹന്ന മുത്തൂറ്റ് ചുമതലയേൽക്കും. ഈ സ്ക്കൂൾ യുകെയിലെ ബ്രൂക്ക് ഹൗസ് കോളേജുമായുള്ള സഹകരണത്തോടെ ലോകോത്തര വിദ്യാഭ്യാസവും ഫുട്ബോൾ, ബാഡ്മിൻറൺ, വോളീബോൾ തുടങ്ങിയവയിൽ മികച്ച പരിശീലനവും നൽകും. ഭാവിയിലെ കായിക താരങ്ങൾക്കായി കേംബ്രിഡ്ജ് പാഠ്യപദ്ധതിയും ലഭ്യമാക്കും.

മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ വളർച്ചാ യാത്രയിലേക്കായി പുതിയ ഊർജ്ജവും നവീന ആശയങ്ങളും നൽകാൻ എല്ലാവരും തയ്യാറായിരിക്കുകയാണ്. മുത്തൂറ്റ് പാപ്പച്ചൻ കുടുംബത്തിലെ നാലാം തലമുറയിലെ അംഗങ്ങൾ എന്ന നിലയിൽ ഇവർ കഴിഞ്ഞ വർഷങ്ങളിൽ വളരെ മികച്ച ഇൻഡക്ഷൻ പരിപാടികളിലൂടെ തയ്യാറെടുപ്പു നടത്തിയിരുന്നു. ഗ്രൂപ്പിൻറെ വിവിധ സ്ഥാപനങ്ങളിൽ പ്രവേശന തലത്തിലുള്ള പരിശീലനവും മധ്യമാനേജുമെൻറ് തലത്തിലെ ചുമതലകളും ഇവർ വഹിച്ചു. വർഷങ്ങളിലൂടെ വിപുലമായ പ്രായോഗിക പരിശീലനവും ഗ്രൂപ്പിൻറെ പ്രവർത്തനങ്ങളേയും മൂല്യങ്ങളേയും കുറിച്ചുള്ള ആഴത്തിലെ അറിവും കരസ്ഥമാക്കി. ഇതിലൂടെ നിലവിലെ ഡയറക്ടർമാർക്കൊപ്പം മികച്ച രീതിയിൽ പ്രവർത്തിക്കാനുള്ള കഴിവും കരസ്ഥമാക്കി. ദേശീയ തലത്തിൽ 5200 ബ്രാഞ്ചുകളും 40,000ത്തിൽ പരം ജീവനക്കാരും ഉള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് സാമ്പത്തിക സേവന രംഗത്ത് വിപുലമായ പ്രത്യേക സേവനങ്ങളുമായി ഉപഭോക്താക്കളുടെ ഉയർന്നു വരുന്ന പുതിയ ആവശ്യങ്ങൾ നിറവേറ്റുകയാണ്. ഹോസ്പിറ്റാലിറ്റി, ഓട്ടോമോട്ടീവ്, റിയാൽറ്റി, ഐടി സേവനം, മൂല്യമുള്ള ലോഹങ്ങൽ, ആൾട്ടർനേറ്റ് എനർജി തുടങ്ങിയ മേഖലകളിലേക്കുള്ള ഗ്രൂപ്പിൻറെ വികസനം വിവിധ മേഖലകളിലെ മുൻനിര സ്ഥാനത്തേക്ക് എത്തിക്കുകയാണ്. പരമ്പരാഗത രീതിയിലും ഡിജിറ്റലുമായ സേവനങ്ങളാണ് ഇതിൻറെ ഭാഗമായി പ്രധാനം ചെയ്യുന്നത്.നാലാം തലമുറ നേതൃത്വത്തെ ബോർഡിലേക്ക് സ്വാഗതം ചെയ്യുന്നതിൽ തങ്ങൾക്ക് ഏറെ ആഹ്ലാദമുണ്ടെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറേയും മുത്തൂറ്റ് ഫിൻകോർപിൻറേയും ചെയർമാനായ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു. കഴിഞ്ഞ ദശാബ്ദത്തിൽ സ്ഥാപനത്തിനു പുറത്തു പ്രവർത്തിച്ചും അതിനു ശേഷം മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിലെ അടിസ്ഥാനപരമായ ചുമതലകൾ നിർവഹിച്ചും അവർ മൂല്യമേറിയ അനുഭവ സമ്പത്താണു കരസ്ഥമാക്കിയത്. തങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചും മൂല്യങ്ങളെ കുറിച്ചും മികച്ച രീതിയിൽ മനസിലാക്കാൻ ഇതവരെ സഹായിച്ചു. നിലവിലെ നേതൃത്വവുമായി അവരുടെ സംയോജനം മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ ചരിത്രത്തിലെ മികച്ചൊരു വേളയാണ്. അവരുടെ നവീനമായ ആശയങ്ങളും പുതുമയുള്ള ഊർജ്ജവും തങ്ങളുടെ പാരമ്പര്യത്തോടുള്ള അവരുടെ ബഹുമാനവും ചേർന്ന് ഗ്രൂപ്പിനെ കൂടുതൽ ഉയരങ്ങളിലേക്കു കൊണ്ടു പോകുമെന്നും അദ്ദേഹം പറഞ്ഞു.



ഹന്ന മുത്തൂറ്റ്, സൂസൺ ജോൺ മുത്തൂറ്റ്, ടീന ജോർജ്ജ് മുത്തൂറ്റ്, തോമസ് മുത്തൂറ്റ് ജോൺ

PAPPACHAN muthoot
Blue is Belief

പുതുതലമുറ നേതൃത്വത്തെ വിപുലമായ ഉൾപ്പെടുത്തൽ പദ്ധതി വഴി ഇന്നത്തെ ചടുലമായ വിപണിയിൽ മുന്നോട്ടു നയിക്കാൻ കഴിവുള്ളവരാക്കി മാറ്റിയിട്ടുണ്ടെന്നും മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ഡയറക്ടർ തോമസ് ജോർജ്ജ് മുത്തൂറ്റ് കൂട്ടിച്ചേർത്തു. പുതുതലമുറയുടെ ആശയങ്ങളും പ്രതിബദ്ധതയും നിലവിലെ നേതൃത്വത്തിൻറെ അനുഭവ സമ്പത്തും ഗ്രൂപ്പിനെ പുതുമയുള്ളതും എന്നും വികസിക്കുന്നതുമായ പശ്ചാത്തലത്തിലേക്കു കൊണ്ടു പോകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വികസന ഗാഥയെ മുന്നോട്ടു കൊണ്ടു പോകാൻ പര്യാപ്തരായവരാണ് പുതിയതായി നേതൃനിരയിലെത്തുന്നവരെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ഡയറക്ടർ തോമസ് മുത്തൂറ്റ് പറഞ്ഞു. പുതുതലമുറാ ഉപഭോക്താക്കളുമായി താദാത്മ്യം പ്രാപിച്ചു മുന്നോട്ടു പോകാനുള്ള ഇവരടെ സവിശേഷമായ കഴിവുകൾ സഹായകമാകും. ആധുനീക സാമ്പത്തിക സേവനങ്ങളിലുള്ള ഇവരുടെ വൈദഗ്ദ്ധ്യം ഗ്രൂപ്പിന് ഏറെ സഹായകമാകുമെന്നും ഉപഭോക്താക്കളേയും സമൂഹത്തേയും ശാക്തീകരിക്കുക എന്ന തങ്ങളുടെ അടിസ്ഥാന ലക്ഷ്യം കൈവരിക്കാൻ ഇതു സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

# സൂണോ ജനറൽ ഇൻഷുറൻസ് 20% വിൽപ്പന വളർച്ച രേഖപ്പെടുത്തി

**മുംബൈ:** സൂണോ ജനറൽ ഇൻഷുറൻസ് (മുമ്പ് എഡൽവെയ്സ് ജനറൽ ഇൻഷുറൻസ്), ഈ ഉത്സവ സീസണിൽ 20% വിൽപ്പന വളർച്ച നേടി, അതേസമയം കമ്പനി പ്രീമിയം കളക്ഷനുകളിൽ 41% വർധനയും രേഖപ്പെടുത്തി.

ഇവി ഇൻഷുറൻസ് വാഗ്ദാനങ്ങൾ, അനുയോജ്യമായ ഉൽപ്പന്ന വാഗ്ദാനങ്ങൾ, മൂല്യവർധിത സേവനങ്ങളിലുള്ള ശ്രദ്ധ എന്നിവ കാരണം സൂണോയുടെ മോട്ടോർ ഇൻഷുറൻസ് വൻ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. സ്വകാര്യ കാർ ഇൻഷുറൻസ് കരാറുകൾക്കുള്ള ഡിമാൻഡ് വർധിച്ചു, സീറോഡിപ്രിസിയേഷൻ, റോഡ്സൈഡ് അസിസ്റ്റൻസ് എന്നിവ പോലുള്ള ജനപ്രിയ ആഡ്ഓണുകൾ ക്ലയന്റുകളുടെ ശ്രദ്ധയിൽ പെട്ടു.ഒക്ടോബർനവംബർ മാസങ്ങളിൽ ഉത്സവ ഡിമാൻഡ് ശക്തമായിരുന്നു,

ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതും കൈകാര്യം ചെയ്യുന്നതും എങ്ങനെയെന്ന് പുനർ നിർവചിച്ച ഡിജിറ്റൽ ഫസ്റ്റ് സമീപനമാണ് സൂണോയുടെ വിജയത്തിന് കാരണമായത്. സൂണോ ഇൻഷുറൻസ് പ്രക്രിയ ലളിതമാക്കി, പോളിസി ഇഷ്യു ചെയ്യൽ, ക്ലെയിം പ്രോസസ്സിംഗ്, പുതുക്കലുകൾ എന്നിവ വേഗത്തിലും കൂടുതൽ ആക്സസ് ചെയ്യാവുന്നതാക്കി. ടെലിമാറ്റിക്സ് അധിഷ്ഠിത ഉൽപ്പന്നങ്ങളായ പേആസ്യുഡ്രൈവ്, പേഹൗയുഡ്രൈവ് എന്നിവ വാഗ്ദാനം ചെയ്യുന്നതുപോലുള്ള നൂതനത്വത്തിൽ കമ്പനിയുടെ ശ്രദ്ധ ശക്തിപ്പെടുകയാണ്. നൂതനവും എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതുമായ ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ നൽകാനുള്ള ഞങ്ങളുടെ പ്രതിജ്ഞാബദ്ധത ഈ ഉത്സവ സീസൺ ആവർത്തിച്ചുവെന്ന് സൂണോ ജനറൽ ഇൻഷുറൻസ് ചീഫ് ടെക്നിക്കൽ ഓഫീസർ നിതിൻ ദിയോ പറഞ്ഞു. വിൽപ്പനയിലെ 20% വർദ്ധനവ് ഞങ്ങളുടെ ഓഫറുകളിലെ വർദ്ധിച്ചുവരുന്ന വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു, പ്രത്യേകിച്ചും വാഹന ആവശ്യകതയിൽ ദ്രുതഗതിയിലുള്ള മാറ്റം കാണുമ്പോൾ, പ്രത്യേകിച്ച് ഇലക്ട്രിക് വാഹനങ്ങളുടെ (ഇവി) വർദ്ധന. ഈ ട്രെൻഡ് തുടരുന്നതിനാൽ, ഞങ്ങളുടെ ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന ഇഷ്ടാനുസൃത ഇൻഷുറൻസ് സൊല്യൂഷനുകൾ നൽകുന്നതിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

zuno

ജൂലൈസെപ്റ്റംബർ എഥ 25ൽ മോട്ടോർ ഇൻഷുറൻസിനായുള്ള മൊത്തം ക്ലെയിമുകളിൽ സൂണോ ജനറൽ ഇൻഷുറൻസ് പ്രതിവർഷം 26.4% വർദ്ധനവ് രേഖപ്പെടുത്തി, ഇത് രാജ്യത്തുടനീളമുള്ള വെള്ളപ്പൊക്കത്തിലും പ്രകൃതി ദുരന്തങ്ങളിലും ഗണ്യമായ വർദ്ധനവ് പ്രതിഫലിപ്പിക്കുന്നു. 2025 സാമ്പത്തിക വർഷത്തിലെ ഏറ്റവും ഉയർന്ന ക്ലെയിം 11,28,680 രൂപയും ഏറ്റവും കുറഞ്ഞത് 1,665 രൂപയുമാണ്.

വളർച്ചാ തന്ത്രത്തിന്റെ ഭാഗമായി, സൂണോ ജനറൽ ഇൻഷുറൻസ് ഇന്ത്യയുടെ മത്സര ഇൻഷുറൻസ് വിപണിയിൽ തങ്ങളുടെ കാൽപ്പാടുകൾ കൂടുതൽ വിപുലീകരിക്കാൻ പദ്ധതിയിടുന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡൈനാമിക് പ്രൈസിംഗ് മോഡലുകൾ തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താൻ കമ്പനി പ്രതിജ്ഞാബദ്ധമാണ്.

# എയർ വർക്സ് ഗ്രൂപ്പിനെ ഏറ്റെടുക്കാൻ അദാനി

**മുംബൈ:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ഏവിയേഷൻ മെയിൻറനൻസ് കന്പനിയായ എയർ വർക്സ് ഗ്രൂപ്പിനെ ശതകോടീശ്വരനും വ്യവസായിയുമായ ഗൗതം അദാനി 400 കോടി രൂപയ്ക്ക് ഏറ്റെടുക്കാനൊരുങ്ങുന്നു. അദാനി ഡിഫൻസ് സിസ്റ്റംസ് ആൻഡ് ടെക്നോളജീസ് ലിമിറ്റഡ് വഴിയാണു ഏറ്റെടുക്കൽ സാധ്യമാകുന്നത്.

എയർക്രാഫ്റ്റ് സർവീസിംഗ് രംഗത്ത് പേരെടുത്ത എയർ വർക്സിന് 35 നഗരങ്ങളിലായി 1,300 ജീവനക്കാരുണ്ട്. ഇരുപതോളം രാജ്യങ്ങളിലെ റെഗുലേറ്റർമാരുടെ അംഗീകാരവുമുള്ളതിനാൽ ആഗോളരംഗത്ത് ചുവടുറപ്പിക്കാനും കന്പനിക്ക് സാധിച്ചിട്ടുണ്ട്.

വരുംവർഷങ്ങളിൽ 1,500 പുതിയ എയർക്രാഫ്റ്റുകളെ ഉൾപ്പെടുത്തി വൻകുതിപ്പിന് തയാറെടുക്കുന്ന ഇന്ത്യയുടെ ഏവിയേഷൻ രംഗം ലോകത്ത് മൂന്നാം സ്ഥാനത്താണ്.

ഈ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള ഒരു സംയോജിതമായ ഏവിയേഷൻ സർവീസ് വ്യവസ്ഥയുടെ നിർമാണമാണ് തങ്ങൾ ലക്ഷ്യം വയ്ക്കുന്നതെന്ന് അദാനി എയർപോർട്ട്സ് ഡയറക്ടർ ജീത് അദാനി പറഞ്ഞു.

ഇന്ത്യൻ നേവിയുടെ ജ8ക എയർക്രാഫ്റ്റ്, ഇന്ത്യൻ എയർ ഫോഴ്സിൻറെ 737 ഢഢകജ ഫ്ളീറ്റുകൾ എന്നിവയെ പരിപാലിക്കാനുള്ള ശേഷി എയർ വർക്സ് ആർജിച്ചെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൻറെ ആത്മനിർഭർ ഭാരത് നയത്തിൻറെ ഭാഗമായി ഇത്തരം സംവിധാനങ്ങൾ തദ്ദേശീയമായും ലഭ്യമാക്കാൻ അദാനിയുടെ നീക്കം വഴിതെളിക്കും.

പ്രതിരോധരംഗത്തും വാണിജ്യരംഗത്തും പൂർണതോതിൽ സേവനങ്ങൾ നൽകാൻ ഏറ്റെടുക്കൽ പ്രക്രിയ ഉപകരിക്കുമെന്ന് അദാനി ഡിഫൻസ് ആൻഡ് എയറോസ്പേസ് സിഇഒ ആശിഷ് രാജ്വംശി പറഞ്ഞു.

രാജ്യത്തെ പ്രതിരോധഏവിയേഷൻ രംഗങ്ങളിൽ ഗൗതം അദാനി നടത്തുന്ന മുന്നേറ്റത്തിൻറെ ചരിത്രത്തിലെ നാഴികക്കല്ലാവും പുതിയ നീക്കമെന്നു വിലയിരുത്തപ്പെടുന്നു.

# എഐഐ കോൺ 2025: മൊബൈൽ ആപ്പ് സജ്ജം

**കൊച്ചി:** ഇഎൻടി ശസ്ത്രക്രിയ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോലാറിംഗോളജിസ്റ്റ്സ് ഓഫ് ഇന്ത്യ (എഒഐ) യുടെ 76ാമത് ദേശീയ സമ്മേളനം എഒഐ കോൺ 2025 ന്റെ ഗതാഗതമുൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും പ്രതിനിധികൾക്ക് ലഭ്യമാക്കാൻ മൊബൈൽ ആപ്ലിക്കേഷൻ സജ്ജമായി. കാർ ഓണർ ആന്റ് കാർട്ട് ഓണർ (കൊകൊ) എന്ന പേരിലുള്ള ആപ്പിൽ ഗതാഗതം, വാഹന പാർക്കിംഗ് എന്നിവയുമായി ബന്ധപ്പെട്ട് സമ്മേളന പ്രതിനിധികൾക്കും നാട്ടുകാർക്കും യാതൊരു ബുദ്ധിമുട്ടും നേരിടാതിരിക്കാനുള്ള സംവിധാനങ്ങളാണ് ഊബർ മാതൃകയിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എഒഐ കോൺ 2025 പൂർണ്ണമായും പേപ്പർ രഹിത സമ്മേളനമായിരിക്കുമെന്ന് എഒഐ കോൺ 2025 ഓർഗനൈസിംഗ് ചെയർമാൻ ഡോ. മാത്യു ഡൊമിനിക് പറഞ്ഞു. സമ്മേളനത്തിന്റെ ഭാഗമായി മുളയിൽ തീർത്ത സ്വാഗത കമാനങ്ങളായിരിക്കും സ്ഥാപിക്കുക. സമ്മേളന ദിവസങ്ങളിൽ പ്രതിനിധികൾക്കുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി മരട് നഗരസഭയുടെ നേതൃത്വത്തിൽ പ്രദേശത്തെ ഒഴിഞ്ഞ സ്ഥലങ്ങളിൽ വാഹന പാർക്കിംഗിന് സൗകര്യം ലഭ്യമാക്കും. കൊച്ചി മെട്രോ റെയിലിന്റെ ഇ ഓട്ടോ സംവിധാനം വഴിയായിരിക്കും പ്രതിനിധികളെ സമ്മേളന വേദിയിൽ എത്തിക്കുക. ഇന്ത്യയിൽ നിന്നും വിദേശത്ത് നിന്നുമായി നാലായിരത്തോളം ഡോക്ടർമാരാണ് സമ്മേളനത്തിൽ പങ്കെടുക്കുക. പ്രതിനിധികളുടെ താമസത്തിനായി എറണാകുളത്തെയും സമീപ പ്രദേശങ്ങളിലെയും ഹോട്ടൽ മുറികൾ ബുക്ക് ചെയ്തു കഴിഞ്ഞു. കേരളത്തിന്റെ ടൂറിസം മേഖലയ്ക്കും വലിയ ഉണർവ്വായിരിക്കും സമ്മേളനം സമ്മാനിക്കുക. എറണാകുളത്തെ വിവിധ പ്രൊഫഷണൽ കോളജുകളിൽ നിന്നുള്ള വിദ്യാർഥികളായിരിക്കും സമ്മേളനത്തിന് വോളന്റിയർമാരായി എത്തുക. സമ്മേളനത്തിനു മുന്നോടിയായി എറണാകുളം അമൃത ഇസ്റ്റിറ്റിയൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ലേക്ക്ഷോർ ആശുപത്രി എന്നിവരുമായി സഹകരിച്ച് വിവിധ ഡെമോൺസ്ട്രേഷനുകൾ സംഘടിപ്പിക്കുന്നുണ്ട്. 2025 ജനുവരി 9,10,11,12 തിയതികളിൽ എറണാകുളം ലെ മെറീഡിയനിലാണ് സമ്മേളനം നടക്കുന്നത്.






പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഐ.എം.എ കൊച്ചി കൊച്ചി കപ്പൽ ശാലയുമായി സഹകരിച്ച് അരികെ പാലിയേറ്റീവ് ഹോം കെയറിന് നൽകുന്ന ഇലക്ട്രിക് കാർ കൊച്ചി കപ്പൽ ശാല എക്സിക്യൂട്ടീവ് ഡയറക്ടർ (ഷിപ്പ് ബിൽഡിംഗ്) ഡോ. എസ് ഹരികൃഷ്ണൻ ഫ് ളാഗ് ഓഫ് ചെയ്യുന്നു.

# അരികെ പാലിയേറ്റീവ് കെയറിന് ഇലക്ട്രിക് കാർ നൽകി

**കൊച്ചി:** പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഐ.എം.എ കൊച്ചി കൊച്ചി കപ്പൽ ശാലയുമായി സഹകരിച്ചുകൊണ്ട് അരികെ പാലിയേറ്റീവ് ഹോം കെയറിന് ഇലക്ട്രിക് കാർ സമ്മാനിച്ചു. കലൂർ ഐ.എം.എ ഹൗസ് അങ്കണത്തിൽ നടന്ന ചടങ്ങിൽ കൊച്ചി കപ്പൽ ശാല എക്സിക്യൂട്ടീവ് ഡയറക്ടർ (ഷിപ്പ് ബിൽഡിംഗ്) ഡോ. എസ് ഹരികൃഷ്ണൻ വാഹനത്തിന്റെ ഫ് ളാഗ് ഓഫ് നിർവ്വഹിച്ചു. സി.എസ്.ആർ ഹെഡ് പി എൻ സമ്പത്ത്കുമാർ, സിഎസ്ആർ മാനേജർ എ.കെ യൂസഫ്, ഐ.എം.എ കൊച്ചി സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ഡോ. അതുൽ ജോസഫ്, ഡോ. ജുനൈദ് റഹ്മാൻ, ഡോ. ജോർജ്ജ് തുകലൻ, അരികെ പാലീയേറ്റീവ് കെയർ പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# പ്ലം കേക്കുകളും വൈനുകളും; ലുലുവിൽ കേക്ക് മേള തുടങ്ങി

**കൊച്ചി:** ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി കൊച്ചി ലുലുമാളിൽ ആരംഭിച്ച കേക്ക് മേള സിനിമാ താരങ്ങളായ ഋഷഭ് ഷെട്ടിയും അപർണാ ബാലമുരളിയും ചേർന്ന് ഉദ്ഘാടനം ചെയ്തു. ലുലുവിൽ മിക്സ് ചെയ്ത പ്ലം കേക്കുകൾക്ക് പുറമേ യു.കെ , സ്പെയിൻ, ബെൽജിയം എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത വിദേശ നിർമ്മിത നോൺ ആൾക്കഹോളിക്ക് വൈനുകളുടേയും ശേഖരമാണ് ലുലുവിലെ ക്രിസ്തുമസ് മേളയുടെ ഹൈലൈറ്റ്. ഇരുപതിലേറെ വ്യത്യസ്ത പ്ലം കേക്കുകളാണ് മേളയിലെ ആകർഷണം . ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നിറം കൂട്ടാൻ ഇനി വ്യത്യസ്ത രുചിക്കൂട്ടിലൊരുങ്ങിയ പ്ലം കേക്കുകൾ ലുലുവിൽ ലഭിക്കും. ലുലു ഹൈപ്പറിനു പുറമേ ക്രിസ്തുമസ് സ്പെഷ്യൽ സ്റ്റാളും സാന്റാ സ്ട്രീറ്റിനൊപ്പം മാളിൽ തുറന്നിട്ടുണ്ട്. നിരവധി സന്ദർശകരാണ് ദിനം പ്രതി സാന്റാ സ്ട്രീറ്റിലേക്ക് എത്തുന്നത്. നോൺആൽക്കഹോളിക് വൈനുകളുടെ വിശിഷ്ഠ സ്റ്റോൾ തന്നെയാണ് മറ്റൊരു പ്രധാന ആകർഷണം. ലുലുവിലെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേരാൻ കഴിഞ്ഞതിൽ സന്തോഷമെന്ന് ഋഷഭ് ഷെട്ടി പ്രതികരിച്ചു.

മാളിൽ സംഘടിപ്പിച്ച വ്യത്യസ്തമായ ക്രിസ്തുമസ് സ്റ്റോൾ സന്ദർശകർക്ക് നവ്യാനുഭവമാകുമെന്ന് അപർണാ ബാലമുരളി പറഞ്ഞു. ചടങ്ങിൽ ലുലു റീട്ടെയിൽ ജനറൽ മാനേജർ ജോ പൈനേടത്ത് , കൊച്ചി ലുലുമാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ബയ്യിങ്ങ് മാനേജർ സന്തോഷ് കുമാർ. ലുലു റീട്ടയിൽ ഡെപ്യൂട്ടി ജനറൽ മാനേജർ രാജീവ് രവീന്ദ്രൻ നായർ തുടങ്ങിയവർ പങ്കാളികളായി.250 ഗ്രാം മുതൽ 1 കിലോ വരെ അടങ്ങുന്ന 20ൽ പരം വ്യത്യസ്തമായ പ്ലം കേക്കുകളുമായിട്ടാണ് കൊച്ചി ലുലുവിലെ ക്രിസ്തുമസ് സ്റ്റാൾ വിപണം തുടരുന്നത്. ആഘോഷമാക്കിയായിരുന്നു കേക്ക് മിക്സിങ്ങ് ആഘോഷങ്ങളും നടത്തിയത്. തേൻ, ചോക്ലേറ്റ്, തുടങ്ങി കേക്ക് വിഭവങ്ങൾ നീളുന്നു. ഇതിന് പുറമേ മുട്ട ഉൾപ്പെടുത്താത്ത പ്ലം കേക്കും മേളയിലെ മറ്റൊരു സ്പെഷ്യൽ വിഭവമാണ്. ലുലു സാന്റാ സ്ട്രീറ്റിൽ വ്യത്യസ്തങ്ങളായ കലാപരിപാടികളും ദിനം പ്രതി നടക്കുന്നുണ്ട്.



# മെഗാ ക്വിസ് വിജയികൾക്ക് സമ്മാനം നൽകി

**കൊച്ചി:** ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച മധുരം മലയാളം കവിത്രയം പുനർജനിക്കുന്നു ക്വിസ് മത്സര വിജയികൾക്ക് ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ് സ്വർണ മെഡലുകളും ട്രോഫികളും ക്യാഷ് അവാർഡും വിതരണം ചെയ്തു. ജീവിതത്തിൽ മുന്നേറ്റത്തിന് പ്രചോദനമാകണം ക്വിസെന്ന് കലക്ടർ പറഞ്ഞു.മണ്ഡലം തലത്തിൽ യുപി വിഭാഗത്തിൽ ഒന്നാമതെത്തിയ ആ ഷിൽ സി അശോകി (ലിറ്റിൽ ഫ്ലവർ യുപി പള്ളിപ്പോർട്ട്)നും രണ്ടാമതെത്തിയ വൈഷ്ണവി കെ എ (ഗവ. ഫിഷറീസ് യുപിഎസ് ഞാറക്കൽ) യ്ക്കും എച്ച് എസ് / എച്ച് എസ് എസ് / വി എച്ച് എസ് എസ് വിഭാഗത്തിൽ ഒന്നാമതെത്തിയ ആദ്യ ഡിസബി(സെന്റ് അഗസ്റ്റിൻസ് ജി എച്ച് എസ്) നും രണ്ടാമതെത്തിയ തീർഥ എസ് മണലി ( എസ് എം എച്ച് എസ് എസ് ചെറായി)ക്കും സ്വർണ മെഡലുകൾ സമ്മാനിച്ചു.

മെഗാക്വിസിൽ ഒന്നാമതെത്തിയ സെന്റ് അഗസ്റ്റിൻ ജി എച്ച് എസ് കുഴുപ്പിള്ളി , രാമവർമ്മ യൂണിയൻ ഹൈസ്കൂൾ ചെറായിക്കും ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു. മൂന്നാമതെത്തിയ സെന്റ് അഗസ്റ്റിൻ ജി എച്ച് എസ് കുഴുപ്പിള്ളിക്ക് ട്രോഫി നൽകി.മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വി എസ് അക്ബർ അധ്യക്ഷനായി. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ, കുഴുപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് കെ എസ് നിബിൻ, ലോകധർമ്മി ഡയറക്ടർ പ്രൊഫ. ചന്ദ്രദാസൻ, വി എഫ് എഫ് വൈസ് ചെയർമാൻ എ പി പ്രിനിൽ, ജിഡ ജനറൽ കൗൺസിൽ അംഗം കെ കെ ജയരാജ്, മാരിടൈം ബോർഡ് അംഗം സുനിൽ ഹരീന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

മധുരം മലയാളം കവിത്രയം പുനർജനിക്കുന്നു എന്ന പരിപാടിയുടെ ഭാഗമായി മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ പ്രസംഗ, കവിതാപാരായണ മത്സര വിജയികൾക്കും ചടങ്ങിൽ സമ്മാനം നൽകി. ക്വിസ് മത്സരങ്ങൾ ജസ്റ്റിസ് വി കെ മോഹനൻ ഉദ്ഘാടനം ചെയ്തു.കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അധ്യക്ഷനായി.ഞാറക്കൽ പഞ്ചായത്ത് പ്രസിഡന്റ് മിനി രാജു, കേരള മാരിടൈം ബോർഡ് അംഗം സുനിൽ ഹരീന്ദ്രൻ, പഞ്ചായത്ത് വാർഡ് അംഗം സൈന ഓജി, രാഗം ടീച്ചർ എന്നിവർ സംസാരിച്ചു.

# കെഫോൺ; കണക്ടിങ്ങ് ദി അൺകണക്റ്റഡ് ഉദ്ഘാടനം 27ന്

**പാലക്കാട്:** കേരളത്തിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളിൽ നാഴികക്കല്ല് അടയാളപ്പെടുത്തി പാലക്കാട് അട്ടപ്പാടിയിലെ ഭൂരിഭാഗം ഊരുകളിലും ഇന്റർനെറ്റ് കണക്ഷൻ എത്തിച്ച് കെഫോൺ. കേരളത്തിലെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റലൈസ് ചെയ്യാൻ ലക്ഷ്യമിട്ട് കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് ബ്രോഡ്ബാൻഡ് കണക്ഷനായ കെഫോൺ നടത്തുന്ന കണക്ടിങ്ങ് ദി അൺ കണക്റ്റഡ് പദ്ധതിയുടെ ഭാഗമായാണ് അട്ടപ്പാടിയിലെ 190 ആദിവാസി ഊരുകളിൽ 142 ഊരുകളിലെ 287 വീടുകളിൽ കെഫോൺ കണക്ഷൻ നൽകിയിരിക്കുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 27ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

അട്ടപ്പാടിയിൽ ഇന്റർനെറ്റ് ആവശ്യപ്പെട്ട എല്ലാവർക്കും ഇതിനോടകം കണക്ഷൻ ഉറപ്പാക്കിയിട്ടുണ്ടെന്നും ഇനിയും കണക്ഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് കണക്ഷൻ നൽകാനുള്ള സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു പറഞ്ഞു. വിവിധ കമ്പനികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സാമൂഹിക പ്രതിബദ്ധതാ പദ്ധതികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പ്രദേശിക ഫണ്ടും പരമാവധി പ്രയോജനപ്പെടുത്തി കൊണ്ടാണ് കണക്ടിങ്ങ് ദി അൺകണക്റ്റഡ് പദ്ധതി പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്. മറ്റ് ആദിവാസി മേഖലകളിലേക്കും ഇത്തരത്തിൽ ഇന്റർനെറ്റ് കണക്ഷൻ നൽകാനാണ് പദ്ധതി. ഈ പ്രൊജക്ട് നമ്മുടെ നാടിന്റെ ഇന്റർനെറ്റ് സാക്ഷരത വർധിപ്പിക്കുകയും ഇന്റർനെറ്റ് ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് മുതൽക്കൂട്ടാകുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളുടെ നെടുന്തൂണായ കെഫോൺ, ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിന്റെ ഐ.ടി ഇൻഫ്രാസ്ട്രക്ചർ വികസനവും ലക്ഷ്യമിടുന്നുണ്ട്. ഇന്റർനെറ്റ് കടന്നുചെല്ലാൻ പ്രയാസമേറുന്ന ഇത്തരം മേഖലകളിലേക്ക് ഫൈബറുകൾ വിന്യസിക്കുന്നത് വഴി ഈ മേഖലയിലും സമീപ പ്രദേശങ്ങളിലും മികച്ച ഇന്റർനെറ്റ് കണക്ഷനും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കാൻ കഴിയും. കെഫോൺ കണക്ഷനുകൾക്കുപരി മറ്റ് സർവീസ് പ്രൊവൈഡർമാർക്കും കെഫോൺ ഫൈബറുകൾ ലീസിനെടുത്ത് ഇന്റർനെറ്റ് സേവനം നൽകാൻ ഇതുവഴി കഴിയും.പാലക്കാട് അട്ടപ്പാടിക്ക് പുറമേ തിരുവനന്തപുരം കോട്ടൂർ, വയനാട് ജില്ലയിലെ പന്തലാടിക്കുന്ന്, ഇടുക്കി ജില്ലയിലെ മലയോരമേഖല ഉൾപ്പെടെയുള്ള വിദൂര സ്ഥലങ്ങളിലും ഗ്രാമ നഗര ഭേദമന്യേയുള്ള മേഖലകളിലേക്ക് കെഫോൺ സേവനം ഉറപ്പുവരുത്താൻ നാളിതു വരെ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കേരളത്തിലെ എല്ലാ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ ഉറപ്പുവരുത്തണമെന്നത് കെഫോണിന്റെ പ്രഖ്യാപിത ലക്ഷ്യമായി മാറി കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.




# റിവർ കൊച്ചിയിൽ സ്റ്റോർ തുറന്നു

**കൊച്ചി:** ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇലക്ട്രിക് സ്കൂട്ടർ നിർമാതാക്കളായ റിവർ, കേരളത്തിലെ തങ്ങളുടെ ആദ്യ സ്റ്റോർ കൊച്ചിയിൽ ആരംഭിച്ചു. 1715 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ സജ്ജമാക്കിയിരിക്കുന്ന സ്റ്റോറിൽ റിവറിന്റെ പുതിയ മോഡലായ ഇൻഡീ, ആക്സസറികൾ, എക്സ്ക്ലൂസിവ് മെർക്കന്റൈസ് ഉൾപ്പെടെയുള്ളവ ലഭ്യമാകും.കേരളത്തിലുടനീളം തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം എന്നീ നഗരങ്ങളിലും വരും മാസങ്ങളിൽത്തന്നെ റിവർ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിക്കും. നിലവിൽ ബംഗളൂരു, ഹൈദരാബാദ്, ചെന്നൈ, ഹുബ്ലി, വിശാഖപട്ടണം എന്നിവിടങ്ങളിലായി 8 ഔട്ട്ലെറ്റുകളാണ് റിവറിനുള്ളത്. ആഴ്ചകൾക്കുള്ളിൽ മൈസൂർ, കോയമ്പത്തൂർ, വിജയവാഡ, ഗോവ, അഹമ്മദാബാദ്, മുംബൈ, പൂനൈ, നാഗ്പൂർ എന്നിവിടങ്ങളിലും സ്റ്റോറുകൾ ലോഞ്ച് ചെയ്യുവാൻ റിവർ തയ്യാറെടുക്കുകയാണ്. 2025 മാർച്ച് ആകുമ്പോഴേക്കും രാജ്യത്തുടനീളം 25 സ്റ്റോറുകൾ ആരംഭിക്കുവാനാണ് കമ്പനിയുടെ ലക്ഷ്യം. കൊച്ചിയ്ക്ക് പുറമേ, വൈകാതെ തന്നെ കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലും സ്റ്റോറുകൾ ആരംഭിക്കാനാണ് തങ്ങളുടെ പദ്ധതിയെന്നും കേരളത്തിലുടനീളം റിവറിന്റെ നവീനാനുഭവം കൊണ്ടുവരുന്നതിൽ തങ്ങൾ ഏറെ സന്തോഷത്തിലാണെന്നും റിവർ സഹസ്ഥാപകനും സിഇഒയുമായ അരവിന്ദ് മണി പറഞ്ഞു1,42,999 രൂപയാണ് ഇൻഡിയുടെ കൊച്ചി എക്സ് ഷോറൂം വില. സ്റ്റോർ സന്ദർശിച്ച് ഇൻഡി ടെസ്റ്റ് ഡ്രൈവ് ചെയ്യുവാനും ബുക്ക് ചെയ്യുവാനും ഉപഭോക്താക്കൾക്ക് സാധിക്കും. ഒപ്പം മറ്റ് ആക്സസറികളും മെർക്കന്റൈസുകളും പരിചയപ്പെടുകയും വാങ്ങിക്കുകയും ചെയ്യാം. www.ride-river.in എന്ന ലിങ്ക് മുഖേന ഓൺലൈനായും ടെസ്റ്റ് ഡ്രൈവുകൾ ബുക്ക് ചെയ്യാം. കൊച്ചി വെണ്ണലയിൽ എൻഎച്ച് ബൈപ്പാസിൽ പുതിയ റോഡിന് സമീപമായാണ് റിവർ സ്റ്റോർ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്.



# വർമ്മ ഹാർമണി: സാംപിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ബിൽഡറായ വർമ ഹോംസിന്റെ കൊച്ചി ഇടപ്പള്ളിയിലെ വർമ്മ ഹാർമണിയുടെ പണിപൂർത്തിയാക്കിയ സാമ്പിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിച്ചു. പ്ലാനിംഗ് മാനേജർ ആരതി വർമ്മ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, കസ്റ്റമർ കെയർ മാനേജർ ലക്ഷ്മി, പ്രൊജക്ട്സ് ജി എം ബിന്ദു നൈനാൻ, പർച്ചേയ്സ് സീനിയർ മാനേജർ രേഖ പ്രമോദ്, പ്രൊജക്ട് കോർഡിനേറ്റർ മഞ്ജു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം 2024; ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു

**കൊച്ചി:** മൂന്നാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിനായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു. അഞ്ചു പുസ്തകങ്ങളാണ് ചുരുക്കപ്പട്ടികയിൽ ഇടംനേടിയത്.ആത്രേയകം ആർ രാജശ്രീ,ഭീമച്ചൻ- എൻ എസ് മാധവൻ,മരണവംശം - പി വി ഷാജികുമാർ, രക്തവും സാക്ഷികളും- ആനന്ദ്,തപോമയിയുടെ അച്ഛൻ- ഇ സന്തോഷ് കുമാർ എന്നിവയാണ് പുസ്തകങ്ങൾ. ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഏറ്റവും മികച്ച പുസ്തകത്തിനുള്ള അവാർഡാണ് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം.കോഴിക്കോട് ബീച്ചിൽ നടക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2025 ന്റെ വേദിയിൽ വെച്ച് ജനുവരി 24 ന് വൈകുന്നേരം അവാർഡ് പ്രഖ്യാപിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. ഒരു ലക്ഷം രൂപയും ഫലകവുമാണ് പുരസ്കാരം.

# ഇശൽഫെസ്റ്റിൽ ക്യാഷ് പ്രൈസ്

**വൈപ്പിൻ:** ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി ഈ മാസം 29ന് സംഘടിപ്പിക്കുന്ന ഇശൽ ഫെസ്റ്റിൽ ഒപ്പന, കോൽക്കളി മത്സര വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകും. ഒപ്പന, മാപ്പിളപ്പാട്ട്, കോൽക്കളി മത്സരങ്ങളാണ് രാവിലെ 10 മുതൽ എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ നടത്തുന്നത്.ഒപ്പനയ്ക്ക് യഥാക്രമം 10001, 6001, 4001 എന്ന ക്രമത്തിലും കോൽക്കളിക്ക് 5001, 3001, 2001 എന്ന ക്രമത്തിലുമാണ് പുരസ്കാരം. പുറമെ എല്ലാ മത്സരവിജയികൾക്കും സർട്ടിഫിക്കറ്റും ട്രോഫിയും സമ്മാനിക്കും. എടവനക്കാട് പഞ്ചായത്ത് ഓഫീസിൽ നടന്ന സംഘാടക സമിതി യോഗം കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൾ സലാം അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് വി കെ ഇക്ബാൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എ സാജിത്ത് എന്നിവർ പ്രസംഗിച്ചു.

# ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ്

**തിരുവനന്തപുരം:** ക്രിസ്മസ്ന്യൂ ഇയർ പ്രമാണിച്ച് ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം വരെ പ്രത്യേക റിബേറ്റ് അനുവദിച്ചു.

ജനുവരി നാലുവരെ ഖാദി ബോർഡിൻറെ ഷോറൂമുകളിൽനിന്നും ഖാദി മേളകളിൽനിന്നും വാങ്ങുന്ന ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് ആനുകൂല്യം ലഭിക്കും.



# സിയാലിന്റെ പുതിയവികസന സംരംഭം: താജ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട്

**കൊച്ചി:** ദക്ഷിണേന്ത്യയിലെ വ്യോമയാന ഹബ്ബായി മാറാനുള്ള കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) ഊർജിത ശ്രമങ്ങലുടെ ഭാഗമായുള്ള സിയാലിന്റെ പുതിയ സംരംഭമായ ' താജ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ' ഡിസംബർ 28 ന് തുറക്കും. രാവിലെ 11 ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. യാത്രക്കാർക്ക് പരമാവധി സേവനങ്ങൾ ഒരുക്കാനും പുതിയ സർവീസുകൾ ആരംഭിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും സിയാൽ നടപ്പിലാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് ഇപ്പോൾ താജ് ഹോട്ടൽ സമുച്ചയം ഉദ്ഘാടന സജ്ജമാക്കുന്നത്. മാസ്റ്റർ പ്ലാനിലെ ഭൂവിനിയോഗ പദ്ധതിയുടെ ഭാഗമായി സിയാൽ പണികഴിപ്പിച്ച ഹോട്ടൽ, തുടർനിക്ഷേപ/ നടത്തിപ്പിനായി ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ് (ഐ.എച്ച്.സി.എൽ) താജ് ഗ്രൂപ്പിനെ ആഗോള ടെൻഡറിലൂടെ കണ്ടെത്തുകയായിരുന്നു.

ടെർമിനലുകളിൽ നിന്ന് 500 മീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്ന താജ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ഹോട്ടലിലേയ്ക്ക് ലാൻഡിംഗ് കഴിഞ്ഞ് 15 മിനിറ്റിനുള്ളിൽ എത്തിച്ചേരാനാകും. താജ് ക്ലബ് ലോഞ്ച്, ഒരു വശത്ത് റൺവേയും മറുവശത്ത് ഹരിതാശോഭയും കാഴ്ചയൊരുക്കുന്ന 111 മുറികൾ, പ്രസിഡൻഷ്യൽ സ്യൂട്ടുകൾ, ബാങ്കെറ്റ് ഹാളുകൾ, ബോർഡ് റൂമുകൾ, പ്രീഫംഗ്ഷൻ ഏരിയ, സിമ്മിംഗ് പൂൾ, വിസ്തൃതമായ ലോബി, ബാർ, ഫിറ്റ്നസ് സെന്റർ എന്നിവ പഞ്ചനക്ഷത്ര മോടിയോടെ കൊച്ചി വിമാനത്താവള താജ് ഹോട്ടലിലുണ്ട്. താജിന്റെ പ്രശസ്തമായ വിസ്ത റസ്റ്ററന്റ് (24 മണിക്കൂർ), ഹൗസ് ഓഫ് മിംഗ് എന്നിവ രുചി സമൃദ്ധി ഒരുക്കുന്നു. 4 ഏക്കറിൽ സ്ഥിതിചെയ്യുന്ന താജ് ഹോട്ടലിന് കാർ പാർക്കിങ് വിശാലമായ സ്ഥലവുമുണ്ട്. ദക്ഷിണേന്ത്യയിലെ വ്യോമയാന ഹബ്ബ് എന്ന നിലയിലേയ്ക്ക് വളരാനുള്ള സിയാലിന്റെ ശ്രമങ്ങൾക്ക് ഈ പഞ്ചനക്ഷത്ര ഹോട്ടൽ അടിവരയിടുന്നുവെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ സിയാലിന്റെ എസ്.സുഹാസ പറഞ്ഞു. മാസ്റ്റർ പ്ലാൻ പൂർത്തിയാകുന്നതിന് അനുസരിച്ച് കൂടുതൽ നിക്ഷേപം ആകർഷിക്കപ്പെടുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. നിലവിൽ പ്രതിവർഷം ഒരു കോടി യാത്രക്കാർ സിയാലിൽ എത്തുന്നുണ്ട്. മൂന്നുവർഷത്തിനകം അത് ഒന്നേകാൽ കോടിയാകും. ട്രാഫിക് വർധിക്കുന്നതിന് അനുസരിച്ച് യാത്രക്കാർക്ക് നൽകുന്ന സേവനവും വർധിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.




# പോപ്പീസ് ബേബി കെയർ നാല് സ്റ്റോറുകൾ തുറന്നു

**കൊച്ചി:** ബേബി കെയർ ഉൽപന്ന നിർമാതാക്കളായ പോപ്പീസ് ബേബി കെയർ പ്രൈവറ്റ് ലിമിറ്റഡ് കേരളത്തിൽ നാലു പുതിയ എക്സ്ക്ലൂസീവ് സ്റ്റോറുകൾ കൂടി തുറന്നു. കോഴിക്കോട് ജില്ലയിലെ മുക്കത്തും തൃശൂർ ജില്ലയിലെ ചാവക്കാടുമാണ് രണ്ടു വീതം സ്റ്റോറുകൾ പുതുതായി പ്രവർത്തനമാരംഭിച്ചത്. ഇതോടെ കേരളത്തിലെ പോപ്പീസ് സ്റ്റോറുകളുടെ എണ്ണം 81 ആയി.2026 സാമ്പത്തിക വർഷം പുതുതായി 42 സ്റ്റോറുകൾ ദക്ഷിണേന്ത്യയിൽ വിവിധയിടങ്ങളിലായി തുറന്ന് ആകെ സ്റ്റോറുകളുടെ എണ്ണം 118ലെത്തിക്കാനാണ് പദ്ധതി. ഗുണമേന്മയ്ക്കാണ് പോപ്പീസ് മുന്തിയ പരിഗണന നൽകുന്നത്. ഞങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഇതിനെ അടിസ്ഥാനമാക്കിയാണ്. പാദരക്ഷകൾ, വലിയ കളിപ്പാട്ടങ്ങൾ, റിമോട്ട് കാറുകൾ തുടങ്ങി ഉൽപ്പന്നശ്രേണി കൂടുതൽ വൈവിധ്യവൽക്കരിക്കാനും പദ്ധതിയുണ്ടെന്ന് പോപ്പീസ് ഗ്രൂപ്പ് ചെയർമാനും എംഡിയുമായ ഷാജു തോമസ് പറഞ്ഞു.

## വാടകയുടെ ജി.എസ്.ടി.യിൽനിന്നും ഹോട്ടൽ മേഖലയെ പൂർണ്ണമായും ഒഴിവാക്കണം : കെ.എച്ച്.ആർ.എ

**കൊച്ചി:** അൺരജിസ്ട്രേഡ് കെട്ടിട ഉടമയിൽനിന്നും വാടകക്കെടുക്കുന്ന കെട്ടിടത്തിന്റെ വാടകയുടെ ജി.എസ്.ടി. രജിസ്ട്രേഡ് വ്യാപാരിയടക്കണമെന്ന നിയമത്തിൽ കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്ത ഹോട്ടലുകൾക്ക് ഇളവുനൽകിയതിനെ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സ്വാഗതം ചെയ്തു. എന്നാൽ ജി.എസ്.ടി. റഗുലർ സ്കീം തെരഞ്ഞെടുത്തിട്ടുള്ള ഹോട്ടലുകൾക്കും ഈ ഇളവ് നൽകണമെന്ന് കെ.എച്ച്.ആർ.എ. ആവശ്യപ്പെട്ടു. ജി.എസ്.ടി. നിയമപ്രകാരം ഹോട്ടലുകൾ സർവ്വീസ് വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അതിനാൽ ഇൻപുട്ട് ടാക്സ് എടുക്കുവാൻ അർഹതയില്ല. അതിനാൽ വാടകയുടെ ജി.എസ്.ടി. ഹോട്ടലുടമയടച്ചാൽ അത് ഹോട്ടലുടമക്ക് നഷ്ടപ്പെടുകയും, അധിക ബാധ്യത വരുത്തുകയും ചെയ്യും. ഈ പൊരുത്തക്കേട് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ധനകാര്യമന്ത്രിക്കും, ജി.എസ്.ടി. കൗൺസിലിനും നിവേദനം നൽകിയതായും സംസ്ഥാനപ്രസിഡന്റ് ജി. ജയപാലും, ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അറിയിച്ചു.

## ആന്റോ ജോർജ് സൗത്ത് ഇൻഡ്യൻ ബാങ്ക് സിഒഒ



**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് എച്ച്.ആർ ആൻഡ് ഓപ്പറേഷൻസ് ചീഫ് ജനറൽ മാനേജർ ആയിരുന്ന ടി ആന്റോ ജോർജ് നെ ബാങ്കിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (സി.ഒ.ഒ) ആയി നിയമിച്ചു. ബാങ്കിന്റെ എല്ലാ മേഖലകളിലും മൂന്ന് പതിറ്റാണ്ടിലേറെ പരിചയ സമ്പത്തുള്ള ആന്റോ ജോർജ് ബാങ്കിംഗ് മേഖലയിലെ വിദഗ്ദ്ധനാണ്. ഇന്റേണൽ ഓഡിറ്റ് ആൻഡ് വിജിലൻസ്, ഫ്രോഡ് മാനേജ്മെന്റ്, കോർപ്പറേറ്റ്/റീട്ടെയിൽ/അഗ്രികൾച്ചർ ക്രെഡിറ്റ്, ബാങ്കിംഗ് ഓപ്പറേഷൻസ്, ഗവൺമെന്റ് ലൈസൻസ്, എച്ച്.ആർ ഓപ്പറേഷൻസ്, ബിസിനസ് ഡെവലപ്മെന്റ്, പ്രൊഡക്റ്റ് മാനേജ്മെന്റ്, ന്യൂ ബ്രാഞ്ച് സെറ്റപ്പുകൾ, ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ്, പീപ്പിൾ മാനേജ്മെന്റ് എന്നീ മേഖലകളിൽ വിദഗ്ദ്ധനാണ്.

